# പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. 271

18.07.2011 ൽ മറുപടിയ്ക്ക്

## റിസർവ്വ് ബാങ്ക് ലൈസൻസ് ഇല്ലാത്ത ജില്ലാ സഹകരണ ബാങ്കുകൾ

| ചോദ്യം | മറുപടി |
|---|---|
| പ്രൊഫ. സി. രവീന്ദ്രനാഥ്<br>ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>ശ്രീ. സി. കെ. സദാശിവൻ<br>ശ്രീ. എ. കെ. ബാലൻ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണ വകുപ്പ് മന്ത്രി) |
| (എ) റിസർവ്വ് ബാങ്ക് ലൈസൻസ് ഇല്ലാത്ത എത്ര ജില്ലാ സഹകരണ ബാങ്കുകൾ നിലവിലുണ്ട്; | (എ) റിസർവ്വ് ബാങ്ക് ലൈസൻസ് ഇല്ലാത്ത 2 ജില്ലാ സഹകരണ ബാങ്കുകൾ നിലവിലുണ്ട്. തിരുവനന്തപുരം, കോഴിക്കോട് ജില്ലാ സഹകരണ ബാങ്കുകൾക്കാണ് റിസർവ്വ് ബാങ്കിന്റെ ലൈസൻസ് ഇല്ലാത്തത്. |
| (ബി) ലൈസൻസ് കിട്ടുന്നതിനുള്ള എന്തെല്ലാം യോഗ്യതകളാണ് ഇവയ്ക്ക് ഇല്ലാത്തതെന്ന് വ്യക്തമാക്കാമോ; | (ബി) 4 ശതമാനമോ അതിൽ കൂടുതലോ മൂലധന പര്യാപ്തത വേണമെന്ന യോഗ്യതയാണ് തിരുവനന്തപുരം, കോഴിക്കോട് ജില്ലാ സഹകരണ ബാങ്കുകൾക്ക് ഇല്ലാത്തത്. |
| (സി) പ്രസ്തുത ബാങ്കുകൾക്ക് ലൈസൻസ് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (സി) ലൈസൻസ് ലഭിക്കാത്ത ജില്ലാ സഹകരണ ബാങ്കുകളുടെ അപേക്ഷകളുടെ അടിസ്ഥാനത്തിൽ പ്രസ്തുത ബാങ്കുകൾക്ക് ലൈസൻസ് നൽകുന്നത് ഭാരതീയ റിസർവ്വ് ബാങ്കാണ്. തിരുവനന്തപുരം, കോഴിക്കോട് ജില്ലാ സഹകരണ ബാങ്കുകൾ ലൈസൻസ് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 272 * 18.07.2011-ൽ മറുപടിയ്ക്ക്

## ഫലശ്രീ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. ശശി :<br>" സി. ദിവാകരൻ:<br>" ജി.എസ്. ജയലാൽ :<br>" ചിറ്റയം ഗോപകുമാർ: | ശ്രീ. കെ . പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് നടപ്പാക്കിയ 'ഫല ശ്രീ' പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണ്; പ്രസ്തുത പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കുമോ; | (എ) ഫല വർഗ്ഗങ്ങളുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതോടൊപ്പം നമ്മുടെ വൃക്ഷ സമ്പത്ത് വിപുലപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ആവിഷ്ക്കരിച്ച ഫലശ്രീ പദ്ധതി സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ മുഖേനയാണ് നടപ്പിലാക്കിയത്. ഈ പദ്ധതി പ്രകാരം 99,530 മാവിൻ തൈകൾ വച്ച് പിടിപ്പിക്കുവാനാണ് തീരുമാനിച്ചിരുന്നത്. ഇതിൽ 31,250 മാവിൻ തൈകൾ വിതരണം ചെയ്തിട്ടുണ്ട്. ബാക്കിയുള്ളവ ജൂലൈ 31-നകം വിതരണം ചെയ്യുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ട്. കേരളത്തിൽ മാവ് കൃഷിക്ക് അനുയോജ്യമായ തരിശ് ഭൂമി ലഭ്യമല്ലാത്തതിനാൽ വീട്ടു വളപ്പുകളിൽ മാവിൻ തൈ നട്ട് പ്രധാനമായും അവയുടെ വിസ്തൃതി വ്യാപനം, ഉത്പാദനം, ഉത്പാദന ക്ഷമത വർദ്ധിപ്പിക്കുക എന്നിവയാണ് ഫലശ്രീ പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ. |
| (ബി) പ്രസ്തുത പദ്ധതി പ്രകാരം എത്ര ഫലവൃക്ഷതൈകൾ വച്ച് പിടിപ്പിക്കുന്നതിനാണ് തീരുമാനിച്ചിരുന്നത്; ഇതിനകം എത്ര തൈകൾ വച്ച് പിടിപ്പിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ? | (ബി) ഫലശ്രീ പദ്ധതി പ്രകാരം 99,530 മാവിൻ തൈകൾ വച്ച് പിടിപ്പിക്കുവാനാണ് തീരുമാനിച്ചിരുന്നത്. ഇതിൽ 31,250 മാവിൻ തൈകൾ വിതരണം ചെയ്തിട്ടുണ്ട്. |

Sherly P.

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 273 — 18.07.2011 ൽ മറുപടിയ്ക്ക്

### ഡോ. എ. വൈദ്യനാഥൻ കമ്മിറ്റി നിർദ്ദേശങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എ. പ്രദീപ്കുമാർ<br>ശ്രീ. കെ. കെ. നാരായണൻ<br>ശ്രീമതി. പി. അയിഷാ പോറ്റി<br>ശ്രീ. എ. എം. ആരിഫ് | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണ വകുപ്പ് മന്ത്രി) |
| (എ) സഹകരണ മേഖലയെ ഡോ. എ. വൈദ്യനാഥൻ കമ്മിറ്റി മുന്നോട്ടുവച്ച പരിഷ്കാര നിർദ്ദേശങ്ങൾ ഏതെല്ലാം നിലയിൽ ദോഷകരമായി ബാധിക്കുമെന്ന് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; ദോഷകരമാകുമെന്ന് കരുതുന്ന വ്യവസ്ഥകൾ എന്തെല്ലാമാണ്; | (എ) വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശയുടെ അടിസ്ഥാനത്തിൽ കേന്ദ്രസർക്കാർ പ്രഖ്യാപിച്ചിട്ടുള്ള സാമ്പത്തിക പാക്കേജ് അനുസരിച്ചുള്ള സാമ്പത്തിക സഹായം ലഭിക്കുന്നതിന് നിഷ്കർഷിച്ചിട്ടുള്ള നിയമപരവും സ്ഥാപനാധിഷ്ഠിതവുമായ ചില പരിഷ്കാര ശുപാർശകളും, വ്യവസ്ഥകളും സഹകരണ പ്രസ്ഥാനത്തെ സർക്കാരിന്റെ നിയന്ത്രണത്തിൽ നിന്നും വേർപെടുത്തി റിസർവ്വ് ബാങ്കിന്റെ നിയന്ത്രണത്തിൽ കൊണ്ടു വരാനും, പ്രസ്ഥാനത്തിന്റെ സാമൂഹ്യപ്രതിബദ്ധത ഇല്ലാതാക്കാനും അതിന്റെ പ്രയോജനം സമൂഹത്തിലെ സാധാരണക്കാർക്കും, മറ്റ് ദുർബല വിഭാഗങ്ങൾക്കും നിഷേധിക്കുന്നതിനും ഇടയാക്കുമെന്നും, സംസ്ഥാനത്തെ സഹകരണ മേഖലയുടെ വളർച്ചയും പ്രസക്തിയും കണക്കിലെടുക്കുമ്പോൾ ആയത് സഹകരണ പ്രസ്ഥാനത്തിന് ദോഷകരമാകുമെന്നുമാണ് സർക്കാർ വിലയിരുത്തിയിട്ടുള്ളത്.<br>റിസർവ്വ് ബാങ്ക് അംഗീകാരമില്ലാത്ത സഹകരണ സ്ഥാപനങ്ങൾ വോട്ടവകാശം ഇല്ലാത്ത അംഗങ്ങളിൽ നിന്നും നിക്ഷേപങ്ങൾ സ്വീകരിക്കാൻ പാടില്ലെന്നും |

ബാങ്ക് എന്ന പദം രജിസ്റ്റർ ചെയ്ത പേരിനോടൊപ്പം ഉപയോഗിച്ച് കൂടായെന്നും എല്ലാത്തരം സഹകരണ ബാങ്കുകളുടേയും പ്രവർത്തനം വാണിജ്യ ബാങ്കുകൾക്ക് സമാനമാക്കുക, സഹകരണ സ്ഥാപനങ്ങളുടെ ഭരണ ക്രമത്തിലും നടത്തിപ്പിലുമുളള സംസ്ഥാന സർക്കാർ നിയന്ത്രണം എടുത്തു മാറ്റുക, സാമ്പത്തിക വിഷയങ്ങളിലെ നിയന്ത്രണ അധികാരങ്ങൾ കാര്യക്ഷമമാക്കുക, എല്ലാത്തരം സഹകരണ സ്ഥാപനങ്ങൾക്കും മൂലധന പര്യാപ്തത ഉൾപ്പെടെയുളള പ്രൂഡൻഷ്യൽ നോംസ് ബാധകമാക്കുക, ഭരണ സമിതിയെ പിരിച്ചുവിടുന്നതിനുളള സംസ്ഥാന സർക്കാർ അധികാരം നിയന്ത്രിക്കുക തുടങ്ങി, പാക്കേജ് നടപ്പാക്കുന്നതിന് നിർദ്ദേശിച്ചിട്ടുളള വ്യവസ്ഥകളും മാത്രമല്ല പാക്കേജ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാരും, കേന്ദ്ര സർക്കാരും, നബാർഡും ചേർന്ന് ധാരണാപത്രം ഒപ്പിടേണ്ടതും, ടി ധാരണാ പത്രത്തിലെ വ്യവസ്ഥകൾ പ്രകാരം നിബന്ധനകൾ കേരളത്തിലെ സഹകരണ വായ്പ മേഖലകൾക്ക് ഗുണകരമാവില്ലെന്നു മാത്രമല്ല ദോഷകരമായിരിക്കുമെന്നും വിലയിരുത്തിയിട്ടുണ്ട്.

1. നിക്ഷേപങ്ങൾ ഉൾപ്പെടെയുളള എല്ലാ സാമ്പത്തിക സേവനങ്ങളും ഉപയോഗിക്കുന്നവർക്ക് പൂർണ്ണ അംഗത്വവും വോട്ടവകാശവും നൽകുക.
2. സഹകരണ സ്ഥാപനങ്ങളുടെ ഭരണ ക്രമത്തിലും സാമ്പത്തിക കാര്യങ്ങളിലുമുളള സംസ്ഥാന സർക്കാരിന്റെ നിയന്ത്രണവും ഇടപെടലും നീക്കം ചെയ്യുക.
3. സഹകരണ സ്ഥാപനങ്ങളിലെ സർക്കാർ ഓഹരി മൂലധനം 25%

ആയി നിജപ്പെടുത്തുക.

4. സാമ്പത്തിക വിഷയങ്ങളിലെ നിയന്ത്രണ ഉത്തരവുകൾ പിൻവലിക്കുക.
5. അഫിലിയേറ്റ് ചെയ്തിട്ടുള്ള അപ്പക്സ് സ്ഥാപനങ്ങളിൽ നിന്നല്ലാതെ ഏത് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും കടം എടുക്കുന്നതിനും, ഏതു ധനകാര്യ സ്ഥാപനങ്ങളിലും നിക്ഷേപം നടത്തുന്നതിനും സഹകരണ സ്ഥാനങ്ങൾക്ക് സ്വാതന്ത്ര്യം നൽകുക.
6. സഹകരണ ജീവനക്കാരുടെ ശമ്പളം, നിയമനം, നഷ്ടപരിഹാരം നൽകുക തുടങ്ങിയ കാര്യങ്ങളിൽ സ്വയം നിർണ്ണയാവകാശം നൽകുക.
7. ഭരണ സമിതിയെ പിരിച്ചുവിടുന്നതിനുള്ള സംസ്ഥാന സർക്കാർ അധികാരം നിയന്ത്രിക്കുക
8. സഹകരണ സ്ഥാപനങ്ങളുടെ മേൽ റിസർവ്വ് ബാങ്കിന്റെ നിയന്ത്രണ അധികാരങ്ങൾ കാര്യക്ഷമമാക്കുക
9. എല്ലാത്തരം സഹകരണ സ്ഥാപനങ്ങൾക്കും മൂലധന പര്യാപ്തത ഉൾപ്പെടെയുള്ള പ്രൂഡൻഷ്യൽ നോംസ് ബാധകമാക്കുക തുടങ്ങിയ പരിഷ്കരണങ്ങളും വ്യവസ്ഥകളുമാണ് പാക്കേജ് നടപ്പിലാക്കുന്നതിന് കമ്മിറ്റി ശുപാർശ ചെയ്തിട്ടുള്ളത്.

| | |
|---|---|
| (ബി) വൈദ്യനാഥൻ കമ്മിറ്റി നിർദ്ദേശങ്ങളിൽ ഇതിനകം കേരളത്തിൽ നടപ്പാക്കപ്പെട്ടിട്ടുളളവ എന്തെല്ലാമാണ്? | (ബി) കേരള സർക്കാരും കേന്ദ്ര സർക്കാരും നബാർഡുമായി പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച് ധാരണാ പത്രം ഒപ്പിട്ടിട്ടില്ല. എന്നിരുന്നാലും വൈദ്യനാഥൻ കമ്മിറ്റി ശുപാർശ ചെയ്തിട്ടുള്ള പാക്കേജ് നടപ്പിലാക്കുന്നതിന്റെ ഭാഗമായല്ലെങ്കിലും, സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് |

സഹകരണ നിയമത്തിലും ചട്ടത്തിലും കാലോചിതമായ മാറ്റം വരുത്തിക്കൊണ്ട് സമഗ്രമായ നിയമഭേദഗതി നടപ്പിലാക്കുകയും ആഡിറ്റ് കാര്യക്ഷമമാക്കുന്നതിനുമായി ഒരു പ്രത്യേക ആഡിറ്റ് ഡയറക്ടറേറ്റ് രൂപീകരിക്കുകയും ഒരു ഡി.ഐ.ജി. യുടെ നേതൃത്വത്തിൽ പ്രത്യേക വിജിലൻസ് സംവിധാനവും ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം
നമ്പർ : 274.

18..7..2011-ൽ മറുപടിക്ക്

## പാലുൽപാദനം വർദ്ധിപ്പിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. പി.ബി. അബ്ദുൾ റസാക്,<br>ശ്രീ. എം.പി. അബ്ദുസ്സമദ് സമദാനി,<br>ശ്രീ. എം. ഉമ്മർ,<br>ശ്രീ. എൻ. ഷംസുദീൻ.** | **ശ്രീ. കെ.സി. ജോസഫ്,<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി)** |
| (എ) ആഭ്യന്തര ഉപയോഗത്തിനുള്ള പാൽ ലഭ്യത ഉറപ്പു വരുത്താൻ സ്വീകരിച്ചിട്ടുള്ള മുൻകരുതലുകൾ വിശദമാക്കുമോ; | (എ) സംസ്ഥാനത്തെ പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനായി ക്ഷീരവികസന വകുപ്പിലൂടെ വിവിധ വാർഷിക പദ്ധതി പ്രകാരവും, വികേന്ദ്രീകൃതാസൂത്രണത്തിൽപ്പെടുത്തി ത്രിതല പഞ്ചായത്തിലൂടെയും, ആർ.കെ.വി.വൈ., SIQ&CMP. ഐ.ഡി.ഡി.പി. പാക്കേജുകൾ തുടങ്ങിയ വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾ വഴിയും ആവശ്യമായ മുൻകരുതലുകൾ സ്വീകരിച്ചു വരുന്നുണ്ട്. അതിന്റെ ഫലമായി ആഭ്യന്തര ഉല്പാദനം വർദ്ധിച്ചു വരുന്നുണ്ട്. എന്നാൽ, ആഭ്യന്തര ഉല്പാദനം മാത്രം കൊണ്ട് വിപണിയെ തൃപ്തിപ്പെടുത്താൻ കഴിയാത്ത സാഹചര്യത്തിൽ ആഭ്യന്തര ഉല്പാദനത്തിനേക്കാൾ അധികമായി ആവശ്യമുള്ള പാൽ അയൽ സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>മിൽമ ഇപ്പോൾ പ്രതിദിനം 7.95 ലക്ഷം ലിറ്റർ പാൽ സംസ്ഥാനത്ത് നിന്നും സംഭരിക്കുന്നുണ്ട്. കൂടുതൽ പാൽ ഉല്പാദിപ്പിക്കുവാൻ വിവിധ പദ്ധതികൾ 'മിൽമ'യും നടപ്പിലാക്കുന്നുണ്ട്. |
| (ബി) പാലിന്റെ ആഭ്യന്തര പ്രതിദിന ശരാശരി ഉല്പാദനവും, ഉപഭോഗവും തമ്മിലുള്ള അന്തരം എത്രയാണെന്ന് വ്യക്തമാക്കുമോ; | (ബി) പാലിന്റെ ആഭ്യന്തര പ്രതിദിന ശരാശരി ഉല്പാദനവും ഉപഭോഗവും തമ്മിലുള്ള അന്തരം 4 മുതൽ 6 ലക്ഷം ലിറ്റർ വരെയാണ്. |

| | |
|---|---|
| (സി) പ്രസ്തുത അന്തരം കുറച്ചു കൊണ്ടു വരാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; | (സി) പാലിന്റെ ആഭ്യന്തര പ്രതിദിന ശരാശരി ഉല്പാദനവും ഉപഭോഗവും തമ്മിലുള്ള അന്തരം കുറയ്ക്കുവാൻ വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. അത്യുല്പാദനശേഷിയുള്ള സങ്കരയിനം പശുക്കളെ അന്യ സംസ്ഥാനത്തു നിന്നും വാങ്ങി വിതരണം നടത്തുന്നതിനുള്ള എം.എസ്.ഡി.പി. പദ്ധതി, ഉൽപ്പാദന ചെലവു കുറച്ച് പാൽ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള തീറ്റപ്പുൽകൃഷി വികസന പദ്ധതി, കാലിത്തീറ്റ സബ്സിഡി, ക്ഷീര സഹകരണ സംഘങ്ങൾക്കുള്ള ധന സഹായം, കൂടാതെ ത്രിതല പഞ്ചായത്തു വഴി ക്ഷീരവികസന വകുപ്പ് ഉദ്യോഗസ്ഥർ നിർവ്വഹണ ഉദ്യോഗസ്ഥരായി വിവിധ പദ്ധതികളും, കേന്ദ്ര സർക്കാർ സഹായ ത്തോടെ ആർ.കെ.വി.വൈ., SIQ&CMP. ഐ.ഡി.ഡി.പി. തുടങ്ങിയ പദ്ധതികളും നടപ്പാക്കി വരുന്നു.<br><br>കൂടാതെ മിൽമ വഴി ഡയറി ഫാമുകൾ വികസിപ്പിക്കുന്നതിനുള്ള സഹായം, കന്നു കുട്ടി പരിപാലന പരിപാടി, കാലിത്തീറ്റ സബ്സിഡി, അധിക പാൽവില നൽകൽ എന്നീ പദ്ധതികൾ നടപ്പിലാക്കുന്നു. |
| (ഡി) കൂടുതൽ പേരെ കാലി വളർത്തലിലേയ്ക്ക് ആകർഷി ക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ട് പാലുല്പാദകർക്ക് ഇൻ-സെന്റീവ് നൽകാൻ നടപടി യുണ്ടാകുമോ; | (ഡി) കൂടുതൽ പേരെ കാലിവളർത്തലിലേയ്ക്ക് ആകർഷിക്കുന്നതിന് തീറ്റപ്പുൽ സബ്സിഡി, കാലിത്തീറ്റ സബ്സിഡി, കേരള ക്ഷീര കർഷക ക്ഷേമനിധി ബോർഡ് വഴി പെൻഷൻ, മറ്റു ക്ഷേമ പദ്ധതികൾ എന്നിവ ക്ഷീരകർഷകർക്ക് നൽകുന്നുണ്ട്. |
| (ഇ) ആഭ്യന്തര ഉപയോഗത്തിനുള്ള പാൽ ഇവിടെത്തന്നെ ഉല്പാദിപ്പിക്കാൻ കഴിയും വിധം പാലുൽപ്പാദനം വർദ്ധി പ്പിക്കാൻ ആവശ്യമായ നടപടി കൾ സ്വീകരിക്കുമോ? | (ഇ) പാൽ ഉല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനായി മിൽമ വഴി കന്നുകുട്ടി ദത്തെടുക്കൽ പദ്ധതി, മിനി ഡയറി ഫാമിലെ കറവപ്പശുക്കൾക്ക് സൗജന്യ തീറ്റ വിതരണം, കറവ മൃഗ ങ്ങളുടെ സൗജന്യ ഇൻഷ്വറൻസ് പദ്ധതി, കറവമൃഗങ്ങൾക്കു വിരയിളക്കുന്ന പദ്ധതി, 6 മാസം പ്രായമായ പെൺ കിടാരികളെ ദത്തെടുക്കൽ പദ്ധതി, കറവ യന്ത്ര വിത രണം, പ്രൊഡക്ഷൻ ഇൻസെന്റീവ്, സമ്മർ ഇൻസെന്റീവ്, കാലിത്തീറ്റ സബ്സിഡി എന്നിവ ക്ഷീരകർഷകർക്ക് നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.

പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 275 — 18-07-2011- ൽ മറുപടിയ്ക്ക്

## കർഷക കടാശ്വാസ കമ്മീഷന്റെ ഉദ്ദേശ്യങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ഡോ. എൻ. ജയരാജ് :<br>ശ്രീ. റോഷി അഗസ്റ്റിൻ :<br>ശ്രീ. പി.സി. ജോർജ് :<br>ശ്രീ. തോമസ് ഉണ്ണിയാടൻ : | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) കർഷക കടാശ്വാസ കമ്മീഷൻ എന്നാണ് നിലവിൽ വന്നത് ; ഇതിന്റെ ഉദ്ദേശ്യങ്ങൾ എന്തായിരുന്നു ; | എ) കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ 19.03.2007 ൽ നിലവിൽ വന്നു. രൂക്ഷമായ കാർഷിക പ്രതിസന്ധിയെ തുടർന്ന് കേരളത്തിലെ കർഷകർ ദുരിതത്തി-ലാഴ്ത്തപ്പെടുകയും സാമ്പത്തികമായി തകർച്ച നേരിട്ടതിനാൽ തങ്ങളുടെ വായ്പകൾ തിരിച്ചടയ്ക്കാനാവാതെ കടക്കെണിയിലകപ്പെട്ട് ആത്മഹത്യയിലേക്ക് നയിക്കപ്പെടുകയും ചെയ്ത സാഹചര്യത്തിൽ, അത്തരം കർഷകർക്ക് മദ്ധ്യസ്ഥതയിലൂടെയും അനുരഞ്ജനത്തിലൂടെയും ന്യായനിർണ്ണയം നടത്തി ആശ്വാസം നൽകുന്നതിന് ഉചിതമായ നടപടികൾ ശുപാർശ ചെയ്യുകയാണ് കർഷക കടാശ്വാസ കമ്മീഷന്റെ ഉദ്ദേശ്യം. |
| ബി) പ്രസ്തുത കമ്മീഷൻ നിലവിൽ വന്നതിനുശേഷം ആകെ എത്രപേർക്ക് കടാശ്വാസം നല്കാൻ സാധിച്ചു ; ഇതു വഴി ആകെ എത്ര തുകയുടെ ബാധ്യതയിൽ നിന്നാണ് കർഷകരെ മോചിപ്പിക്കാൻ സാധിച്ചത്; വ്യക്തമാക്കുമോ; | ബി) കടാശ്വാസ കമ്മീഷൻ ശുപാർശ ചെയ്തതിൽ 14/07/2011 വരെ 23794 അവാർഡുകളിലായി 33,42,93,289/- രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. |
| സി) പ്രസ്തുത കമ്മീഷൻ തീർപ്പുകല്പിച്ചിട്ടുള്ള കേസ്സുകളിൽ, സർക്കാർ വിഹിതം അടയ്ക്കാൻ കഴിയാത്തതുമൂലം നിലനില്ക്കുന്ന കേസ്സുകൾ എത്രയുണ്ട്; പ്രസ്തുത ഇനത്തിൽ എത്ര തുക സർക്കാർ വിഹിതമായി അടയ്ക്കാൻ ബാക്കി നിൽക്കുന്നു ; വ്യക്തമാക്കുമോ; | സി) കർഷക കടാശ്വാസ കമ്മീഷൻ തീർപ്പുകൽപ്പിച്ചിട്ടുള്ള കേസുകളിൽ പരിശോധന നടത്തി അർഹതയുണ്ടെന്ന് കണ്ടെത്തിയ അവാർഡുകളിലാണ് സഹകരണ സംഘങ്ങൾക്ക്/ ബാങ്കുകൾക്ക് തുക അനുവദിച്ചുനൽകിയിട്ടുള്ളത്. 31/03/2011 വരെ കമ്മീഷൻ ശുപാർശ ചെയ്ത 89,69,19,257/- രൂപയിൽ 62,45,52,375/- രൂപ സഹകരണ സംഘം രജിസ്ട്രാർക്ക് |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ: 276

18..7..2011 ൽ
മറുപടിക്ക്

വിവരസാങ്കേതിക വിദ്യാധിഷ്ഠിത പരാതി പരിഹാര സംവിധാനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. വി.റ്റി. ബൽറാം<br>ശ്രീ. പി.സി. വിഷ്ണുനാഥ് | ശ്രീ. കെ.സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും, സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി) |
| എ) വിവരസാങ്കേതിക വിദ്യാധിഷ്ഠിത പരാതി പരിഹാര സംവിധാനം ശക്തിപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | എ) വിവര സാങ്കേതിക വിദ്യാധിഷ്ഠിത പരാതി പരിഹാര സംവിധാനംശക്തിപ്പെടുത്തു ന്നതിലേക്കായി നിലവിലുള്ളതും ബന്ധപ്പെട്ട ജില്ലാകളക്ടർമാരുടെ അദ്ധ്യക്ഷതയിലുള്ളതുമായ ജില്ലാതല സുതാര്യകേരളം മോണിറ്ററിംഗ് കമ്മിറ്റികളുടെയും ടി കമ്മിറ്റികളുടെ കൺവീനർമാരായ ജില്ലാ ഇൻഫർമേഷൻ ഓഫീസർമാരുടെ പ്രവർത്തനകേന്ദ്രമായ ജില്ലാ ഇൻഫർമേഷൻ ഓഫീസുകളുടെയും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കുന്നതാണ്. പൊതുജനപരാതി പരിഹാരാർത്ഥം നിലവിൽ പ്രവർത്തിച്ചുവരുന്ന 'മുഖ്യമന്ത്രിയുടെ പരാതിപരിഹാരസെൽ', വിവിധ കേന്ദ്രങ്ങളിലൂടെയും ഇന്റർനെറ്റ് വഴിയും ലഭ്യമാകുന്ന പരാതികളെ ഒരു കേന്ദ്രീകൃത സംവിധാനത്തിൽ സൂക്ഷ്മപരിശോധന നടത്തി വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ പരിഹരിക്കാനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. ഇതിനുപുറമെ ഐ&പി.ആർ വകുപ്പിന്റെ സുതാര്യകേരളം വീഡിയോ കോൺഫറൻസ് പരിപാടി അതീവപ്രാധാന്യമർഹിക്കുന്നതും പൊതുകാര്യപ്രസക്തമായതും അവശവിഭാഗത്തെ ബാധിക്കുന്നതുമായ പരാതികളിൻമേൽ മാധ്യമപങ്കാളിത്തത്തോടെയും ബഹു. മുഖ്യമന്ത്രിയുടെ നേരിട്ടുള്ള ഇടപെടലിലൂടെയും സത്വരമായ പ്രശ്നപരിഹാരനടപടികൾ സാദ്ധ്യമാക്കുകവഴി ഒരേ സമയം ശാശ്വതമായ പ്രശ്നപരിഹാരവും അവ സംബന്ധിച്ചുള്ള സമൂഹശ്രദ്ധയർഹിക്കുന്ന കാര്യങ്ങൾ എല്ലാ തട്ടുകളിലേക്കും എത്തിക്കുകയും ചെയ്യുന്നുണ്ട്.<br>പ്രാദേശിക തലത്തിൽ തുടർ നടപടികൾ അവലംബിക്കേണ്ട പരാതികളിൽ, ബന്ധപ്പെട്ട വകുപ്പുകൾ അപ്രകാരം ചെയ്യുന്നുണ്ടോയെന്ന് നിരീക്ഷിക്കുന്നതും പരാതി പരിഹാരം സത്വരമായി പരാതിക്കാരന് ലഭ്യമാക്കേണ്ടതിന്റെ ചുമതലയും ജില്ലാതല മോണിറ്ററിംഗ് സമിതികൾക്കാണ്. |

| | | | |
|---|---|---|---|
| | | | ആകയാൽ ജില്ലാതല മോണിറ്ററിംഗ് സമിതികളെ ഉടച്ചുവാർക്കുന്നതിനും സത്വരപരാതിപരിഹാര നടപടികൾ സ്വീകരിക്കാനുതകുംവിധം വിപുലമായ സൗകര്യങ്ങളുള്ള ഒരു സ്ഥിരം ഔപചാരിക സംവിധാനമാക്കി ഉയർത്തുന്നതിനുള്ള നടപടികളും കൈക്കൊള്ളുന്നതാണ്. ഇതിനുള്ള അധികച്ചിലവുകൾ സുതാര്യകേരളം പ്രോജക്ട് ഫണ്ടിൽ നിന്നും നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്. |
| ബി) | പൊതുജനങ്ങളുടെ പ്രതികരണങ്ങൾ ശേഖരിക്കുന്നതിനും നടപടികൾക്കുമായി പ്രത്യേകസംവിധാനംഏർപ്പെടുത്തുമോ? | ബി) | നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.277 18.07.2011- ൽ മറുപടിയ്ക്ക്

ക്ഷീരധാര പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. അജിത് :<br>ശ്രീ. മുല്ലക്കര രത്നാകരൻ :<br>ശ്രീമതി . ഗീതാ ഗോപി :<br>ശ്രീ. ഇ. കെ. വിജയൻ : | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി). |
| (എ) ക്ഷീരധാര പദ്ധതിയുടെ രണ്ടാം ഘട്ടം ആരംഭിച്ചിട്ടുണ്ടോ; പ്രസ്തുത പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ എന്തെല്ലാം നടപ്പാക്കാനാണുദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) ക്ഷീരധാര പദ്ധതിയുടെ രണ്ടാം ഘട്ടം ആരംഭിച്ചിട്ടുണ്ട്. ഇടുക്കി, വയനാട് എന്നീ ജില്ലകളിലെ തെരഞ്ഞെടുത്ത, യഥാക്രമം നൂറും അൻപതും മൃഗസംരക്ഷണ വകുപ്പിന്റെ കേന്ദ്രങ്ങളിൽ പദ്ധതി നടപ്പിലാക്കുവാനുള്ള നടപടികൾ സ്വീകരിച്ചു. ഈ കേന്ദ്രങ്ങളിൽ ഹോൾസ്റ്റയിൻ ഫ്രീഷ്യൻ, ജേഴ്സി എന്നീ ജനുസ്സിൽപ്പെട്ട വിത്തുകാളകളുടെ ഇറക്കുമതി ചെയ്ത ബീജം വിതരണം ചെയ്യുവാനാണ് ഉദ്ദേശിക്കുന്നത്. |

(- - - 2)

| | |
|---|---|
| (ബി) പദ്ധതിയുടെ ഒന്നാംഘട്ടം എപ്പോഴാണ് നടപ്പാക്കിയത്; പ്രസ്തുത ഘട്ടത്തിൽ എന്തെല്ലാം നടപ്പാക്കി ; പ്രസ്തുത ഘട്ടത്തിന്റെ ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടോ? | (ബി) പദ്ധതിയുടെ ഒന്നാംഘട്ടം 2006 ഡിസംബറിൽ നടപ്പിലാക്കി പൂർത്തീകരിച്ചു കഴിഞ്ഞു. കേന്ദ്ര സർക്കാരിന്റെ വിവിധ ഫാമുകളിൽ നിന്നും അത്യുല്പാദനശേഷിയുള്ള ജേഴ്സി, ഹോൾസ്റ്റയിൻ ഫ്രീഷ്യൻ വിത്തുകാളകളെ വാങ്ങി കെ.എൽ.ഡി. ബോർഡിന്റെ അത്യന്താധുനികമായ A Grade Semen Station -കളായ മാട്ടുപെട്ടി, ധോണി എന്നീ ബീജബാങ്കുകളിൽ സംസ്കരിച്ച് കേരളമാസകലം വിതരണം ചെയ്യുകയുണ്ടായി. ഈ പദ്ധതി വഴി ജനിച്ച പശുക്കുട്ടികൾ മെച്ചപ്പെട്ട ഉത്പാദനശേഷി ഉള്ളവയാണ്. പാലുല്പാദനം 2009-2010 -ലെ 26 ലക്ഷം ടണ്ണിൽ നിന്ന് 2010-2011-ൽ 29 ലക്ഷം ടണ്ണിലേയ്ക്ക് വർദ്ധിക്കുകയുണ്ടായി. പ്രസ്തുത ഘട്ടത്തിൽ 2 ലക്ഷം ബീജമാത്രകൾ വിതരണം ചെയ്യാനായി ലക്ഷ്യമിട്ടിരുന്നെങ്കിലും 2 ലക്ഷത്തി നാൽപ്പത്തി ഒന്നായിരം ബീജമാത്രകൾ വിതരണം ചെയ്ത് ലക്ഷ്യം അധികരിച്ചു കഴിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ - 278 18.07.2011-ൽ മറുപടിയ്ക്ക്

**കാര്യക്ഷമമല്ലാത്ത സഹകരണസംഘങ്ങളുടെ പുനരുദ്ധാരണം**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ഡോ. കെ.ടി.ജലീൽ<br>ശ്രീ. കെ.ദാസൻ<br>ശ്രീ. എളമരം കരീം<br>ശ്രീ. ഇ.പി.ജയരാജൻ | | ശ്രീ. സി.എൻ.ബാലകൃഷ്ണൻ<br>(സഹകരണ വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്തെ കാര്യക്ഷമമല്ലാത്ത സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകുന്നുണ്ടോ, എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ, | (എ & ബി) | പ്രവർത്തനത്തിൽ ദുർബലമായി നിൽക്കുന്ന സഹകരണ സംഘങ്ങളെ പ്രത്യേക പദ്ധതികളുടെ അടിസ്ഥാനത്തിൽ പുനരുദ്ധരിക്കുന്നതിനും പുനഃസംഘടന നടത്തുന്നതിനുമായി പദ്ധതി നിലവിലുണ്ട്.<br>ദുർബലവും എന്നാൽ ശക്തിയാർജ്ജിക്കാൻ സാധ്യതയുള്ളതുമായ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണ പദ്ധതിക്കായി 2011-12 വർഷത്തിലെ ബഡ്ജറ്റിൽ യഥാക്രമം ഓഹരി, വായ്പ, സബ്സിഡി എന്നിയിനത്തിൽ 45 ലക്ഷം രൂപ, 60 ലക്ഷം രൂപ, 45 ലക്ഷം രൂപ എന്നിങ്ങനെ 150 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br>ഇതിനു പുറമെ സംസ്ഥാന പദ്ധതിയിൽ ഉപഭോക്തൃ സഹകരണ സംഘങ്ങൾക്കായി വകയിരുത്തിയിട്ടുള്ള 100 ലക്ഷം രൂപയിൽ നിന്നും സ്കൂൾ / കോളേജ് സഹകരണ സംഘങ്ങൾ, മേഖലാ സ്കൂൾ സ്റ്റോറുകൾ, സർവ്വകലാശാല സ്റ്റോറുകൾ, പ്രാഥമിക ഉപഭോക്തൃ സഹകരണ സംഘങ്ങൾ, ജില്ലാ മൊത്ത വ്യാപാര സ്റ്റോറുകൾ, എന്നിവയുടെ പുനരുദ്ധാരണത്തിന് തുക വിനിയോഗിക്കാവുന്നതാണ്.<br>മറ്റ് സഹകരണ സംഘങ്ങൾക്ക് ധനസഹായം നൽകുന്നതിന് വകയിരുത്തിയിട്ടുള്ള 630 ലക്ഷം രൂപയിൽ നിന്ന് സാഹിത്യ പ്രവർത്തക സഹകരണ സംഘങ്ങൾ ഉൾപ്പെടെയുള്ള സാഹിത്യ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനും തുക വകയിരുത്തിയിട്ടുണ്ട്. കൂടാതെ എൻ.സി.ഡി.സി. ധനസഹായത്തിലുൾപ്പെടുത്തി, ( ആകെ അടങ്കൽ തുക 3700 ലക്ഷം ) സഹകരണ മേഖലയിലെ |

| | | | |
|---|---|---|---|
| | | | ദുർബല കാർഷിക സംസ്കരണ യൂണിറ്റുകളുടെ പുനരുദ്ധാരണത്തിനും ദുർബല വിപണന സംഘങ്ങളുടെ പുനരുദ്ധാരണത്തിനും സഹായം നൽകുന്നതാണ്.<br>ഇതിനു പുറമെ 2011-12-ലെ പുതുക്കിയ ബഡ്ജറ്റിൽ സഹകരണ മേഖലയിലെ നെല്ല് സംഭരണ സ്ഥാപനങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനം ഏറ്റെടുക്കുന്നതിനും എസ്.സി./ എസ്.റ്റി ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ തൃശ്ശൂരിൽ അഞ്ചേരിയിലുള്ള ആയുർധാര മരുന്നുൽപാദന യൂണിറ്റ് എൻ.സി.ഡി.സി.യുടെ സഹായത്തോടെ നവീകരിക്കുന്നതിനും ലക്ഷ്യമിട്ടിട്ടുണ്ട്. |
| (ബി) | പുനരുദ്ധാരണ പദ്ധതിക്കായി എന്തു തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്; | | |
| (സി) | പുനരുദ്ധാരണം അർഹിക്കുന്ന സഹകരണ സംഘങ്ങളെ സംബന്ധിച്ച വിശദാംശങ്ങൾ തയ്യാറാക്കിയിട്ടുണ്ടോ, വിശദമാക്കുമോ? | (സി) | ദുർബലവും എന്നാൽ ശക്തിയാർജ്ജിക്കാൻ സാധ്യതയുള്ളതുമായ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിന് ധനസഹായം നൽകുന്നതിനുള്ള ചട്ടങ്ങൾ പാലിച്ച് റിപ്പോർട്ട് സഹിതം ലഭിക്കുന്ന അപേക്ഷകൾ സർക്കാർ തലത്തിൽ പരിശോധിച്ച് അർഹതയുള്ള സംഘങ്ങൾക്ക് ധനസഹായം നൽകി വരുന്നു.<br>2011-12 വർഷത്തിലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ സഹകരണ മേഖലയിലെ നെല്ല് സംഭരണ സ്ഥാപനങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതാണെന്നും എസ്.സി./ എസ്.റ്റി ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ തൃശ്ശൂർ ജില്ലയിലെ അഞ്ചേരിയിലുള്ള ആയുർധാര മരുന്നുൽപാദന യൂണിറ്റ് എൻ.സി.ഡി.സി.യുടെ ധനസഹായത്തോടു കൂടി പുനരുദ്ധരിക്കുമെന്നും അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 279 — 18.07.2011 ൽ മറുപടിയ്ക്ക്

### മാനദണ്ഡം ലംഘിച്ച് നൽകിയ വൻകിട വായ്പകൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി<br>ശ്രീ. റ്റി. എ. അഹമ്മദ് കബീർ<br>ശ്രീ. പി കെ. ബഷീർ<br>ശ്രീ. കെ. എൻ. എ. ഖാദർ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണ വകുപ്പ് മന്ത്രി) |
| (എ) കാർഷിക മേഖലയ്ക്കും, ഗ്രാമീണ തൊഴിൽ മേഖലയ്ക്കും കൂടുതൽ പ്രാധാന്യം ലഭിക്കത്തക്കവിധം സഹകരണ ബാങ്കുകളുടെ വായ്പാ നയത്തിൽ എന്തെങ്കിലും മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) കാർഷിക മേഖലയ്ക്കും, ഗ്രാമീണ തൊഴിൽ മേഖലയ്ക്കും സഹകരണ ബാങ്കുകൾ കൂടുതൽ പ്രാധാന്യം നൽകാറുണ്ട്. എന്നാൽ വായ്പ നയത്തിൽ മാറ്റം വരുത്താൻ ഇപ്പോൾ ഉദ്ദേശിക്കുന്നില്ല. |
| (ബി) മാനദണ്ഡങ്ങൾ ലംഘിച്ചുകൊണ്ട് സംസ്ഥാന സഹകരണ ബാങ്ക് വൻതുക സ്വകാര്യ സംരംഭകർക്കും, സാമൂഹ്യ രാഷ്ട്രീയ സംഘടനകൾക്കും വായ്പ നൽകിയത് സംബന്ധിച്ച സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) മാനദണ്ഡങ്ങൾ ലംഘിച്ചുകൊണ്ട് കേരള സംസ്ഥാന സഹകരണ ബാങ്ക് വൻതുക സ്വകാര്യ സംരംഭകർക്കും, മുൻകാലയളവിൽ വായ്പ നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) എങ്കിൽ അതെക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ; | (സി) കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ വായ്പാ വിതരണത്തിൽ ക്രമക്കേടുള്ളതായി വകുപ്പുതലത്തിൽ നടത്തിയ പ്രാഥമിക അന്വേഷണത്തിൽ കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ മുഖേന കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. |

(ഡി) മാനദണ്ഡം ലംഘിച്ച് നൽകിയ വൻകിട വായ്പകളിൽ തിരിച്ചടവ് മുടങ്ങി കുടിശ്ശികയായ കേസുകൾ എത്രയെണ്ണമുണ്ട്;

(ഡി) കേരള സംസ്ഥാന സഹകരണ ബാങ്ക് വിതരണം ചെയ്ത വായ്പയിൽ ക്രമക്കേടുള്ളതായി പരാതിയുള്ളവയിൽ തിരിച്ചടവ് മുടങ്ങി കുടിശ്ശികയായ 13 കേസ്സുകൾ ഉണ്ട്.

(ഇ) എന്തു തുക ഈ ഇനത്തിൽ കിട്ടാക്കടമായുണ്ടെന്ന് കണക്കെടുത്തിട്ടുണ്ടോ; എങ്കിൽ ആരിൽ നിന്നെല്ലാമാണ് കുടിശ്ശികയുണ്ടായിട്ടുള്ളതെന്നും അത് എന്ത് തുകയാണെന്നും സംബന്ധിച്ച വിശദവിവരം നൽകുമോ?

(ഇ) കേരള സംസ്ഥാന സഹകരണ ബാങ്ക് വിതരണം ചെയ്ത വായ്പയിൽ ക്രമക്കേടുള്ളതായി പരാതിയുള്ളവയിൽ കിട്ടാക്കടം സംബന്ധിച്ച കണക്കെടുത്തിട്ടില്ല. ടി വായ്പകളിൽ 22.50 കോടി രൂപ കുടിശ്ശികയാണ്. ടി വായ്പകളിൽ കുടിശ്ശികയായ വായ്പ എടുത്ത വ്യക്തി/സ്ഥാപനത്തിന്റെ പേരും കുടിശ്ശികയായ തുകയും അനുബന്ധമായി ഉൾപ്പെടുത്തുന്നു.

| | വായ്പ എടുത്ത വ്യക്തി/ സ്ഥാപനത്തിന്റെ പേര് | വായ്പ കുടിശ്ശിക (മുതൽ) തുക (രൂപ) |
|---|---|---|
| 1 | അഗ്രീൻ കോ | 49899990.00 |
| 2 | ജയരാജ് സീ ഷോർ | 38454729.01 |
| 3 | ജയരാജ് സീ ഷോർ | 292638.00 |
| 4 | ഗാന്ധിഗ്രാം റബ്ബേഴ്സ് | 18752561.11 |
| 5 | ഗാന്ധിഗ്രാം റബ്ബേഴ്സ് | 13700000.00 |
| 6 | പി.എ. ട്രേഡിംഗ് കമ്പനി പ്രൈവറ്റ് ലിമിറ്റഡ് | 13049918.00 |
| 7 | സെന്റ് ജോർജ്ജ് കേബിൾസ് | 10923638.42 |
| 8 | സെന്റ് ജോർജ്ജ് കേബിൾസ് | 18000000.00 |
| 9 | ജിയോ ഫാങ്ക് എന്റർപ്രൈസസ് | 33430021.00 |
| 10 | ബെൽടെക്ക് ഇലക്ട്രിക്കൽസ് | 8134661.00 |
| 11 | ബെൽടെക്ക് ഇലക്ട്രിക്കൽസ് | 4300000.00 |
| 12 | കണ്ണൂർ റോളർ ഫ്ളോർ മിൽസ് | 15186062.85 |
| 13 | ജെ.ജെ. ഹോളിഡേ റിസോർട്ട്സ് | 864256.72 |
| | ആകെ | 224988476.11 |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: *280 18/07/2011 - ൽ മറുപടിക്ക്

## സാംസ്കാരിക ഉന്നമനത്തിനായി കർമ്മ പദ്ധതികൾ

| ചോദ്യം | | | മറുപടി |
|---|---|---|---|
| ശ്രീ. പി.സി. ജോർജ്ജ്<br>ഡോ. എൻ. ജയരാജ്<br>ശ്രീ. തോമസ് ഉണ്ണിയാടൻ<br>ശ്രീ. റോഷി അഗസ്റ്റിൻ | | | ശ്രീ. കെ.സി. ജോസഫ്<br>(ബഹു: ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പു മന്ത്രി) |
| എ) | സാംസ്കാരിക മേഖലയുടെ ഉന്നമനത്തിനായി പുതിയ കർമ്മപദ്ധതികൾക്ക് തുടക്കം കുറിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | എ) | ഉണ്ട് |
| ബി) | എങ്കിൽ നടപ്പു സാമ്പത്തിക വർഷം നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണ്; | ബി) | സർക്കാരിന്റെ നൂറ് ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി അനുബന്ധത്തിൽ ചേർത്തിരിക്കുന്ന പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. തുടർന്ന് ഈ സാമ്പത്തിക വർഷത്തിൽ നടപ്പിൽ വരുത്തുന്ന പദ്ധതികൾ ആവിഷ്കരിച്ചു വരുന്നു. |
| സി) | സാംസ്കാരിക മൂല്യങ്ങൾക്ക് ശോഷണം സംഭവിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ പുതുതലമുറയ്ക്കിടയിൽ സാംസ്കാരിക അവബോധം വളർത്തിയെടുക്കാൻ ഉതകുന്ന ക്രിയാത്മക പദ്ധതികൾ വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ? | സി) | സ്വീകരിക്കും. |

സെക്ഷൻ ഓഫീസർ

- - — — — — — — -

<u>അനുബന്ധം</u>

<u>സാംസ്കാരിക കാര്യ വകുപ്പ് നൂറ് ദിന കർമ്മ പരിപാടിയിലുൾപ്പെടുത്തിയ പദ്ധതികൾ</u>

**1. സംസ്ഥാന പുരാരേഖാ വകുപ്പ്:-**

ചരിത്ര മൂല്യമുള്ള രേഖകളുടെ ഏറ്റെടുക്കലിന്റെ ഭാഗമായി ഏറ്റെടുത്ത പ്രമുഖരായ വ്യക്തികളുടെ സ്വകാര്യ രേഖകൾ പൂർത്തിയാക്കുന്നതാണ്. കേരളത്തിലെ വിവിധ ആരാധനാലയങ്ങളിലെ അമൂല്യരേഖകൾ ഏറ്റെടുത്ത് സംരക്ഷിക്കുന്നതിന്റെ ഭാഗമായി തൃശൂർ ജില്ലയിലെ കൂടൽമാണിക്യം ക്ഷേത്രത്തിലും എറണാകുളം ജില്ലയിലെ ഊരമന ക്ഷേത്രത്തിലും സൂക്ഷിച്ചിട്ടുള്ള അമൂല്യ രേഖകൾ അടങ്ങുന്ന താളിയോലകൾ, പൗരാണിക ഗ്രന്ഥങ്ങൾ എന്നിവ സംരക്ഷിക്കുന്ന പദ്ധതി പൂർത്തിയാക്കുന്നതും വകുപ്പിന്റെ ആഭിമുഖ്യത്തിൽ കേരളത്തിലെ സ്കൂളുകളിൽ രൂപീകരിച്ചിട്ടുള്ള ഹെറിറ്റേജ് ക്ലബ്ബുകൾ വഴി സമാഹരിച്ച സ്വകാര്യ രേഖകൾ സംരക്ഷിക്കുന്ന പ്രക്രിയയും പൂർത്തിയാക്കുന്നതാണ്.

**2. പുരാവസ്തു വകുപ്പ്:-**

ഈ വകുപ്പിന് കീഴിലുള്ള പ്രധാന മ്യൂസിയങ്ങളിൽ അഗ്നിശമന ഉപകരണങ്ങൾ സ്ഥാപിക്കുകയും കായംകുളം കൃഷ്ണപുരം കൊട്ടാരത്തിൽ പൈതൃക പൂന്തോട്ട നിർമ്മാണം ആരംഭിക്കുകയും ചെയ്യുന്നതാണ്. സംരക്ഷിത സ്മാരകമായ തിരുവനന്തപുരം മടവൂർപ്പാറയിൽ കുട്ടികളുടെ പാർക്ക് നിർമ്മിക്കുകയും ശാസ്താംകുളങ്ങര നരസിംഹസ്വാമി ക്ഷേത്രം, പാഴൂർ പെരുംതൃക്കോവിൽ എന്നിവയുടെ രാസസംരക്ഷണം പൂർത്തീകരിക്കുന്നതാണ്.

**3. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്:-**

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിനുവേണ്ടി പുതുതായി നിർമ്മിക്കാനുദ്ദേശിക്കുന്ന കെട്ടിട സമുച്ചയത്തിന്റെ നിർമ്മാണം ആരംഭിക്കുന്നതാണ്.

Padmam P

**4. കേരള സംസ്ഥാന സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് :-**

ഇൻസ്റ്റിറ്റ്യൂട്ട് പരിഷ്കരിച്ച് പ്രസിദ്ധീകരിക്കുന്ന സർവ്വവിജ്ഞാനകോശത്തിൻെറ 10-ാം വാല്യം പ്രകാശനം ചെയ്യും.

**5. കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി:-**

എല്ലാ വിഭാഗം കലാകാരൻമാരേയും സാഹിത്യകാരൻമാരേയും സാംസ്കാരിക പ്രവർത്തകരേയും ക്ഷേമനിധിയിലുൾപ്പെടുത്തുകയും വിവിധ ക്ഷേമ പദ്ധതികൾ ആരംഭിക്കുകയും ചെയ്യുന്നതാണ്.

SO

പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : *281 — 18.07.2011 ലെ മറുപടിക്ക്

<u>ആശ്വാസ് കടിശ്ശിക നിവാരണ പദ്ധതി</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ. എം.പി. വിൻസന്റ്<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. കെ. ശിവദാസൻ നായർ | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദി-ഗ്രാമ<br>വ്യവസായവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് നടപ്പാക്കാനുദ്ദേശിക്കുന്ന ആശ്വാസ് കടിശ്ശിക നിവാരണ പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | എ) സർക്കാരിന്റെ 100 ദിവസത്തെ കർമ്മപരിപാടിയിൽ ഉൾപ്പെടുത്തി സഹകരണ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളിൽ സംസ്ഥാനത്തെ സഹകരണസംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ ഉൾപ്പെട്ട സഹകരണ സംഘങ്ങൾ/ബാങ്കുകളിലെ വായ്പാ കുടിശ്ശിക കുറയ്ക്കുന്നതിനും കടബാദ്ധ്യതയിലായ വായ്പക്കാർ/സഹകാരികൾക്ക് ആശ്വാസം നൽകുന്ന തിനുമായി '45' ദിവസത്തേക്ക് ഒരു കുടിശ്ശിക നിവാരണ പദ്ധതി ആശ്വാസ് 2011 എന്ന പേരിൽ 2011 ജൂലായ് 1 മുതൽ സംസ്ഥാനത്ത് നടപ്പിലാക്കി വരികയാണ്. പദ്ധതി സംബന്ധിച്ച് വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ സഹകരണ സംഘം രജിസ്ട്രാർ 23.06.2011 ലെ 41/2011-ാം നമ്പർ സർക്കുലർ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. 2011 ജൂൺ 30 ൽ പൂർണ്ണമായും കുടിശ്ശികയായ വായ്പകൾക്കാണ് പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നത്. 10 ലക്ഷം രൂപ വരെയുള്ള കുടിശ്ശികയായ വായ്പകൾക്ക് പിഴപ്പലിശ, നോട്ടീസ് ചാർജ്ജ്, മറ്റ് ചിലവുകൾ എന്നിവ ഒഴിവാക്കി, മുതലും മുതലിന് വായ്പയെടുക്കുമ്പോൾ നിലവിലിരുന്ന പലിശ നിരക്കോ നിലവിലെ പലിശ നിരക്കോ ഏതാണ് കുറവ്, ആയത് പ്രകാരമുള്ള പലിശ തുകയും, ആർബിട്രേഷൻ ഫീസ്, എക്സിക്യൂഷൻ ഫീസ് എന്നിവ സംഘത്തിൽ നിന്നും അടച്ചിട്ടുണ്ടെങ്കിൽ ആയതും ഒടുക്കി വായ്പക്കണക്ക് അവസാനിപ്പിക്കാവുന്നതാണ്. 10 ലക്ഷം രൂപ വരെയുള്ള വായ്പകൾക്ക് മേൽ പ്രകാരം പലിശ കണക്കാക്കുമ്പോൾ മുതലിനേക്കാൾ അധികരിക്കാതെ പലിശ നിജപ്പെടുത്തുന്നതാണ്. 10 ലക്ഷം രൂപയ്ക്ക് മുകളിലുള്ള കുടിശ്ശികയായ വായ്പകൾക്ക് പിഴപ്പലിശ, |

| | | |
|---|---|---|
| | | നോട്ടീസ് ചാർജ്ജ്, മറ്റ് ചിലവുകൾ എന്നിവ ഒഴിവാക്കി മുതലും, മുതലിന് വായ്പയെടുക്കുമ്പോൾ നിലവിലിരുന്ന പലിശ നിരക്കോ ഇപ്പോഴത്തെ പലിശ നിരക്കോ ഏതാണ് കുറവ് ആയത് പ്രകാരമുള്ള പലിശ തുകയും, ടി പലിശ തുകയുടെ 10%-ൽ അധികരിക്കാതെ എസ്റ്റാബ്ലിഷ്മെന്റ് ചെലവും, ആർബിട്രേഷൻ/എക്സിക്യൂഷൻ ഫീസ് സംഘത്തിൽ നിന്നും അടച്ചിട്ടുണ്ടെങ്കിൽ ആയതും ഒടുക്കി വായ്പക്കണക്ക് അവസാനിപ്പിക്കാവുന്നതാണ്. മരണപ്പെട്ട വായ്പക്കാരുടെ തുകകൾ, മാരകരോഗം ബാധിച്ചവർ, മാരകരോഗം ബാധിച്ചവർ ഉള്ള കുടുംബാംഗങ്ങൾ, വിധവകൾ തുടങ്ങി പരിഗണന അർഹിക്കുന്ന വായ്പക്കാർക്ക് പരമാവധി ഇളവുകൾ പദ്ധതി കാലയളവിൽ ലഭിക്കുന്നതാണ്. പദ്ധതി കാലയളവിൽ വായ്പകളുമായി ബന്ധപ്പെട്ട എല്ലാ ജപ്തി നടപടികളും നിർത്തിവച്ചുകൊണ്ട് സഹകരണ സംഘം രജിസ്ട്രാർ ഉത്തരവ് നൽകിയിട്ടുണ്ട്. ആർബിട്രേഷൻ/എക്സിക്യൂഷൻ നടപടികൾ തുടരുന്ന കേസുകൾ പ്രത്യേക അദാലത്തുകൾ സംഘടിപ്പിച്ച് ദ്രുതഗതിയിൽ തീർപ്പാക്കുന്നതിനും രജിസ്ട്രാർ നിർദ്ദേശം നൽകിയിട്ടുണ്ട്. പദ്ധതിയുടെ വിജയകരമായ നടത്തിപ്പിനായി സഹകരണ സംഘം തലത്തിലും, താലൂക്ക് തലത്തിലും ജില്ലാതലത്തിലും ബന്ധപ്പെട്ടവരുടെ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതിനായി സഹകരണ സംഘം രജിസ്ട്രാർ ആഫീസിൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. |
| ബി) | ഏതൊക്കെ സഹകരണ ബാങ്കുകളെയാണ് ഈ പദ്ധതിയിൻ കീഴിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; | ബി) സംസ്ഥാനത്ത് സഹകരണ സംഘം രജിസ്ട്രാറുടെ ഭരണനിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന (ജീവനക്കാരുടെ സംഘങ്ങൾ ഉൾപ്പെടെയുള്ള) എല്ലാ വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകളും ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. |
| സി) | കുടിശ്ശിക വായ്പക്കാർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് ഇതുവഴി ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ? | സി) 10 ലക്ഷം രൂപ വരെയുള്ള കുടിശ്ശികയായ വായ്പകളിൽ പിഴപ്പലിശ, നോട്ടീസ് ചാർജ്ജ്, മറ്റ് ചാർജ്ജുകൾ ഒഴിവാക്കി എന്നാൽ ആർബിട്രേഷൻ ഫീസ്, എക്സിക്യൂഷൻ ഫീസ് എന്നിവ സംഘത്തിൽ നിന്നും അടച്ചിട്ടുണ്ടെങ്കിൽ ആയത് ഈടാക്കി, വായ്പയെടുക്കുമ്പോൾ നിലവിലിരുന്ന പലിശ നിരക്കോ ഇപ്പോഴുള്ള പലിശനിരക്കോ ഏതാണ് കുറവ് ആയത് പ്രകാരമുള്ള പലിശ തുകയും മുതലും അടച്ച് വായ്പക്കണക്ക് അവസാനിപ്പിക്കുന്നതിന് അവസരം നൽകുന്നതാണ്. ഇപ്രകാരം പലിശ കണക്കാക്കുമ്പോൾ, പലിശ മുതലിനേക്കാൾ അധികരിക്കാതെ നിജപ്പെടുത്തുന്നതാണ്. 10 ലക്ഷം രൂപക്ക് മുകളിലുള്ള |

വായ്പകൾക്ക്, വായ്പയെടുക്കുമ്പോൾ നിലവിലുണ്ടായിരുന്ന പലിശ നിരക്കോ നിലവിലെ പലിശ നിരക്കോ ഏതാണോ കുറവ് ആയതിൻ പ്രകാരമുള്ള പലിശ തുകയും, ടി പലിശ തുകയുടെ 10%ൽ അധികരിക്കാതെ എസ്റ്റാബ്ലിഷ്മെന്റ് ചെലവും മുതലിനോടൊപ്പം ഒടുക്കി, ആർബിട്രേഷൻ/ എക്സിക്യൂഷൻ ഫീസ് എന്നിവ സംഘത്തിൽ നിന്നും അടച്ചിട്ടുണ്ടെങ്കിൽ ആയത് ഈടാക്കി, പിഴപ്പലിശ, നോട്ടീസ് ചാർജ്ജ്, മറ്റ് ചാർജ്ജുകൾ എന്നിവ ഒഴിവാക്കി വായ്പക്കണക്ക് അവസാനിപ്പിക്കുന്നതിന് അവസരം ലഭിക്കുന്നതാണ്. മരണപ്പെട്ട വായ്പക്കാരുടെ തുകകൾ, മാരകരോഗം ബാധിച്ചവർ/ മാരകരോഗം ബാധിച്ചവർ ഉള്ള കുടുംബാംഗങ്ങൾ, വിധവകൾ തുടങ്ങി പരിഗണന അർഹിക്കുന്ന വായ്പക്കാർക്ക് പരമാവധി ഇളവുകൾ നൽകുന്നതാണ്. ആർബിട്രേഷൻ/എക്സിക്യൂഷൻ നടപടികൾ തുടരുന്ന കേസുകളിൽ പ്രത്യേക അദാലത്തുകൾ സംഘടിപ്പിച്ച് ദ്രുതഗതിയിൽ കേസുകൾ തീർപ്പാക്കുന്നതിനും പദ്ധതിയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. വായ്പകളുമായി ബന്ധപ്പെട്ട എല്ലാ ജപ്തി നടപടികളും പദ്ധതി കാലയളവു വരെ നിർത്തിവെച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**

പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 282 * 18.07.2011-ൽ മറുപടിയ്ക്ക്

കാർഷിക മേഖലയും യുവജനങ്ങളും

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ബാബു. എം. പാലിശ്ശേരി :<br>" എ.എം. ആരിഫ്:<br>" എം. ഹംസ :<br>" സി.കെ സദാശിവൻ : | ശ്രീ. കെ . പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് നെൽകൃഷിയും പുരയിട കൃഷിയും അനാദായകരമാവുകയും ആവശ്യത്തിന് തൊഴിൽ ദിനങ്ങൾ കിട്ടാതെ കർഷകത്തൊഴിലാളികൾ ഇതര മേഖലകളിലേക്ക് തിരിയുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) എങ്കിൽ ഈ മേഖലയിലേക്ക് യുവജനങ്ങളെ ആകർഷിക്കാൻ കഴിയുന്ന എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (ബി) കാർഷിക മേഖലയിൽ യുവജനങ്ങളെ ആകർഷിക്കുന്നതിനായി ഓരോ പ്രദേശത്തിനും അനുയോജ്യമായ കാർഷിക യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കുക, കാർഷിക ചെറുകിട യന്ത്രങ്ങളുടെ ഉപയോഗം സംബന്ധിച്ചും പുതിയ കൃഷി സമ്പ്രദായങ്ങളെ സംബന്ധിച്ചും കർഷകർക്ക് പരിശീലനം നൽകുക തുടങ്ങിയ പരിപാടികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. യുവാക്കളെ കാർഷിക മേഖലയിലേക്ക് ആകർഷിക്കുന്നതിനായി കണ്ണൂർ ജില്ലയിലെ കുഞ്ഞിമംഗലത്ത് ഒരു ദേശീയ ഗവേഷണ പരിശീലന കേന്ദ്രം സ്ഥാപിക്കുന്നതാണ്. |

| | |
|---|---|
| (സി) കാർഷിക മേഖലയിൽ വൈദഗ്ദ്ധ്യമുള്ള തൊഴിലാളികളെ സംബന്ധിച്ച പഠന റിപ്പോർട്ട് ലഭ്യമാണോ; വിശദമാക്കുമോ ? | (സി) ഇത് സംബന്ധിച്ച പഠനം നടത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 283 18.7.2011- ൽ മറുപടിയ്ക്ക്

കാർഷിക വിഭവങ്ങളുടെ സംഭരണവും വിപണനവും

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.എം.ഉമ്മർ :<br>ശ്രീ.എൻ.എ.നെല്ലിക്കുന്ന്:<br>ശ്രീ.പി.കെ.ബഷീർ:<br>ശ്രീ.എൻ.ഷംസുദ്ദീൻ : | | ശ്രീ. കെ.പി.മോഹനൻ<br>( കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| എ) | ഉല്പാദിപ്പിക്കപ്പെടുന്ന കാർഷിക വിഭവങ്ങളുടെ സംഭരണവും വിപണനവും കാര്യക്ഷമമാക്കാൻ എന്തെങ്കിലും പുതിയ പദ്ധതികൾ പരിഗണനയിലുണ്ടോ ; | (എ) | ഉണ്ട്. ഉല്പാദിപ്പിക്കപ്പെടുന്ന കാർഷിക വിഭവങ്ങളുടെ സംഭരണവും വിപണനവും കാര്യക്ഷമമാക്കുന്നതിനുവേണ്ടി കൃഷി വകുപ്പു മുഖേന താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>1) നെല്ലുസംഭരണം<br>2) കൊപ്ര സംഭരണം<br>3) മൊത്ത വ്യാപാര വിപണികൾ<br>4) ഉത്സവകാല മേളകൾ |
| ബി) | കേരളത്തിൽ നിശ്ചിത കാലങ്ങളിൽ സുലഭമായി ലഭിക്കുന്ന ചക്ക, മാങ്ങ തുടങ്ങിയ കാർഷിക വിഭവങ്ങൾ ശേഖരിച്ച് ഉപയോഗപ്പെടുത്താത്തതിനാൽ നശിച്ചുപോകുന്ന സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | ബി) | ഉണ്ട് |
| സി | തുച്ഛമായ വിലയ്ക്കും സൗജന്യമായും ശേഖരിക്കുന്ന ചക്ക തമിഴ് നാട്ടിൽ കൊണ്ടുപോയി പ്രോസസ് ചെയ്ത് വിവിധ ഉല്പന്നങ്ങളാക്കി വൻവിലയ്ക്ക് കേരളത്തിലും വിദേശത്തും വിറ്റഴിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | സി) | ഉണ്ട് |

| | | | |
|---|---|---|---|
| ഡി) | രാസവള പ്രയോഗമോ, കീടനാശിനിയുടെ ദോഷമോ ഇല്ലാത്ത ഇത്തരം കാർഷിക വിഭവങ്ങൾക്ക് കർഷകർക്ക് ന്യായവില ലഭ്യമാക്കാനും അതിന്റെ ആഭ്യന്തര ഉപയോഗം പ്രോത്സാഹിപ്പിക്കാനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ; | ഡി) & ഇ) | ചക്ക, മാങ്ങ മഹോത്സവങ്ങൾ സംസ്ഥാന ഹോർട്ടികൾച്ചർ മിഷന്റെ സഹകരണത്തോടുകൂടി നടത്തുകയുണ്ടായി. ഇത് മൂലം കർഷകർക്ക് ന്യായവില ലഭ്യമാക്കാനും അതിന്റെ ആഭ്യന്തര ഉപയോഗം പ്രോത്സാഹിപ്പിക്കുവാനും കഴിഞ്ഞിട്ടുണ്ട്. ചക്കയുടെ പ്രധാന്യത്തെക്കുറിച്ചും വിവിധ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഉൽപാദന രീതികളെക്കുറിച്ചുമുള്ള സെമിനാറുകൾ ചക്ക മഹോത്സവത്തോടനുബന്ധിച്ച് സംഘടിപ്പിച്ചിരുന്നു. |
| ഇ) | ചക്കയിൽ നിന്നും വേർതിരിക്കാവുന്ന ഔഷധങ്ങൾ ഉൾപ്പെടെയുള്ള ഉപോല്പന്നങ്ങളെക്കുറിച്ച് പഠനം നടത്തുമോ ? | | |

സെക്ഷൻ ഓഫീസർ

**പതിമൂന്നാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 284** | **18-07-2011- ൽ മറുപടിയ്ക്ക്**

**കർഷക വായ്പ**

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീമതി. പി. അയിഷാ പോറ്റി :<br>ശ്രീ. വി. ചെന്താമരാക്ഷൻ :<br>ശ്രീ. എളമരം കരീം :<br>ശ്രീ. ആർ. സെൽവരാജ് : | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) നവ ഉദാരവൽക്കരണ നയങ്ങളുടെ വരവോടെ കൃഷിയ്ക്ക് ലഭിച്ചിരുന്ന മുൻഗണനാ വായ്പകളും വായ്പാ വ്യവസ്ഥകളിലെ പ്രത്യേക പരിഗണനകളും വെട്ടിക്കുറയ്ക്കപ്പെട്ടിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br><br>ബി) ഈ അവസ്ഥയെക്കുറിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ ; | എ) & ബി) കൃഷി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| സി) കൃഷിക്കാർക്ക് ചുരുങ്ങിയ നിരക്കിൽ വായ്പ ലഭിക്കാത്തിനാൽ ഉയർന്ന പലിശയ്ക്ക് പണം കടം വാങ്ങി കടക്കെണിയിൽപ്പെടുന്ന സാഹചര്യം ഇല്ലാതാക്കാൻ എന്തെങ്കിലും പദ്ധതികൾ ഉണ്ടോ ; എങ്കിൽ വിശദമാക്കുമോ ? | സി) കൃഷി വകുപ്പ് പ്രത്യേകിച്ച് പദ്ധതികളൊന്നും നടപ്പിലാക്കുന്നില്ല. കൃഷിക്കാർക്ക് കുറഞ്ഞ നിരക്കിൽ വായ്പ ലഭ്യമാക്കുന്നതിന്റെ ഭാഗമായി ഹ്രസ്വകാല വായ്പകൾക്ക് കേന്ദ്ര സർക്കാർ കാലതാമസം പലിശ ഇളവ് (Interest subscription) നൽകുന്നുണ്ട്. കൃത്യമായ വായ്പ തിരിച്ചടയ്ക്കുന്നവർക്ക് 1% അധികമായും പലിശ ഇളവ് നൽകുന്നു. ഇത്തരത്തിൽ മൊത്തത്തിൽ 3% പലിശ ഇളവ് നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം
നമ്പർ : 285.

18..7..2011-ൽ മറുപടിക്ക്

## ഹേലി കമ്മിറ്റി റിപ്പോർട്ട്

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീമതി ഗീതാ ഗോപി,<br>ശ്രീ. വി.എസ്. സുനിൽ കുമാർ,<br>ശ്രീ. കെ. അജിത്,<br>ശ്രീ. ഇ. ചന്ദ്രശേഖരൻ.** | **ശ്രീ. കെ.സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി)** |
| (എ) ഹേലി കമ്മിറ്റിയുടെ പഠന റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) ഉണ്ട്. പ്രധാന ശുപാർശകൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) പശുപരിപാലനം തൊഴിലായി സ്വീകരിച്ച എത്രപേർ സംസ്ഥാനത്തുണ്ട്; ഇവരെ ഈ രംഗത്ത് ഉറപ്പിച്ചു നിർത്തുന്നതിനും കൂടുതൽ പേരെ ഈ തൊഴിലിലേയ്ക്ക് ആകർഷിക്കുന്നതിനും എന്തെല്ലാം പദ്ധതികൾ നടപ്പാക്കി വരുന്നുണ്ടെന്ന് വിശദമാക്കുമോ? | (ബി) പശുപരിപാലനം തൊഴിലായി സ്വീകരിച്ച ഏകദേശം 14 ലക്ഷത്തോളം ക്ഷീരകർഷകർ ഉള്ളതായി കണക്കാക്കപ്പെട്ടിരിക്കുന്നു. ക്ഷീരവികസന വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 3500 ക്ഷീരസംഘങ്ങളിൽ അംഗങ്ങളായ ക്ഷീരകർഷകരുടെ എണ്ണം 2009-10 വർഷത്തെ കണക്കിൻ പ്രകാരം 8,06,599 ആണ്.<br><br>ക്ഷീരകർഷകരെ ഈ രംഗത്ത് ഉറപ്പിച്ച് നിർത്തുന്നതിനും കൂടുതൽ പേരെ ഈ തൊഴിലിലേയ്ക്ക് ആകർഷിക്കുന്നതിനും ക്ഷീരവികസന വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. അന്യസംസ്ഥാനത്ത് നിന്നും സങ്കരയിനം പശുക്കളെ ലഭ്യമാക്കുന്ന എം.എസ്.ഡി.പി. പദ്ധതി, ഉൽപ്പാദന ചെലവ് കുറയ്ക്കുവാൻ ഉതകുന്ന കാലിത്തീറ്റ സബ്സിഡി, തീറ്റപ്പുൽ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായുള്ള തീറ്റപ്പുൽ വികസന പദ്ധതി, ക്ഷീര സംഘങ്ങളെ സഹായിക്കുന്നതിനുള്ള പദ്ധതി തുടങ്ങിയവ നടപ്പിലാക്കി |

വരുന്നു. കൂടാതെ, ക്ഷീരസംഘങ്ങളിലെ അംഗങ്ങളെ സഹായിക്കുന്നതിനു വേണ്ടി ക്ഷീരകർഷക ക്ഷേമനിധിയും വിവിധ ക്ഷേമപദ്ധതികൾ നടപ്പിലാക്കുന്നു. വിദ്യാഭ്യാസ ധനസഹായം, ചികിത്സാ ധനസഹായം, പെൻഷൻ എന്നിവ നൽകി വരുന്നു. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ക്ഷീരകൃഷി ഉൾപ്പെടുത്തുന്ന കാര്യം പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ.

## ഹേലി കമ്മിറ്റി റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ

1. ഒരു ലക്ഷം സങ്കര കന്നുകുട്ടികളെ വീതം പ്രതിവർഷം വളർത്തി മികച്ച പശുക്കളാക്കുന്ന വികസന പരിപാടിക്ക് മൂന്നു കൊല്ലത്തേയ്ക്ക് 300 കോടി രൂപയുടെ സഹായം

2. പാവപ്പെട്ട ക്ഷീരകർഷകന് പകുതി വിലയ്ക്ക് പശുവിനെ നൽകാൻ ഗോദാന പദ്ധതി

3. ഗോകാരുണ്യ - കേരളത്തിലെ 50000 ഉരുക്കൾക്ക് ഗർഭകാല സംരക്ഷണ സഹായം.

4. കാലിത്തീറ്റ സബ്സിഡി വർദ്ധിപ്പിക്കാൻ 68 കോടി രൂപ ലഭ്യമാക്കണം.

5. ഇന്ത്യയിലെ ഏറ്റവും മികച്ച മാംസം ഉല്പാദിപ്പിക്കുന്ന കേന്ദ്രമായി കേരളത്തെ ഉയർത്തും. ഇതിനായി 3 ലക്ഷം കാളകളെ നവീന പരിപാലനത്തിൽ വളർത്തുന്നതിന് പരിപാടി

6. 42000 കിടാരികളെ പ്രതിവർഷം തയ്യാറാക്കാൻ അതിവിപുലമായ ഹീഫർ പാർക്ക് പദ്ധതിയ്ക്ക് 150 കോടി രൂപയുടെ സഹായം

7. അടിയന്തിര മൃഗചികിത്സ 24 മണിക്കൂറും ലഭ്യമാക്കാൻ ബൃഹത് സംവിധാനം.

8. 'ആധുനിക സുനന്ദിനി ' സുനന്ദിനി കേരളത്തിന്റെ ഗോശ്രീ

9. ഗ്രാമീണ ക്ഷീരസംഘങ്ങളെ ആധുനികവൽക്കരിക്കാനും കർഷക സഹായിയാക്കി വളർത്താനും 40 കോടി രൂപയുടെ പദ്ധതി.

10 പശുക്കളിലെ വന്ധ്യതാ പരിശോധന ഗ്രാമതലങ്ങളിൽ വച്ച് നടത്തുവാൻ മികച്ച 3000 ക്യാമ്പുകളും സൗജന്യ ചികിത്സയും മരുന്നും.

11. നാലു ലക്ഷം ആടുകളെ ഉല്പാദിപ്പിച്ച് വിതരണം ചെയ്യാൻ അതിവിപുല പരിപാടി.

12. വീട്ടുവളപ്പിൽ 3 ലക്ഷം കോഴിവളർത്തൽ യൂണിറ്റുകൾ തുടങ്ങാൻ പരിപാടി

13. വെറ്ററിനറി ബയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിനെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തും.

14. കേരളത്തിലെ 44 നദീ തടങ്ങളിലും, കോയിപ്രം മാതൃകയിലുള്ള തീറ്റപ്പുൽകൃഷി വ്യാപിപ്പിക്കണം. 50 കോടിയിലധികം തീറ്റപ്പുൽകടകൾ കർഷകർക്ക് ലഭ്യമാക്കുന്നു.

15. മൃഗസംരക്ഷണ ഫാമുകൾ കർഷക സഹായ കേന്ദ്രങ്ങളാകും

16. കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തെ സെന്റർ ഓഫ് എക്സലൻസായും വ്യവസായസംരംഭകർക്ക് പരിശീലന പാർക്കുമായി ഉയർത്തുക.

17. കന്നുകാലികളിലെ ശാസ്ത്രീയ ബീജസങ്കലനത്തിന്റെ വിവിധ വശങ്ങളെക്കുറിച്ചുള്ള ബോധവത്ക്കരണം.

18. കേരളത്തെ കാലിരോഗ വിമുക്ത മേഖലയാക്കി ദേശീയ അന്തർദേശീയ തലങ്ങളിൽ ശ്രദ്ധ പിടിച്ചെടുക്കുവാൻ തക്കവിധം ഉയർത്തിയെടുക്കുവാനുള്ള ഒരു സംവിധാനം സൃഷ്ടിക്കുവാനുള്ള ശുപാർശ.

19. കാലിത്തീറ്റയ്ക്ക് പറ്റിയ പിണ്ണാക്കിന്റെയും, തവിടിന്റെയും കയറ്റുമതി ഉടൻ നിർത്തണം.

20. മൃഗസംരക്ഷണ ക്ഷീരമേഖലയിലെ കർഷകരോടുള്ള അവഗണന മാറ്റണം.

21. ക്ഷീരകർഷക ക്ഷേമനിധിയുടെ പ്രവർത്തനം വിപുലീകരിക്കണം.

22. കേരള സ്റ്റേറ്റ് ലൈവ് സ്റ്റോക്ക് ഡെവലപ്പ്മെന്റ് ഫൈനാൻസ് കോർപ്പറേഷൻ അടിയന്തിരമായി രൂപപ്പെടുത്തണം.

23. കേരള സ്റ്റേറ്റ് ലൈവ് സ്റ്റോക്ക് ഡെവലപ്പ്മെന്റ് കൗൺസിൽ രൂപീകരിക്കണം.

24. മിൽമ സംഘങ്ങൾ കോഴിവളർത്തൽ, മാംസോത്പാദന രംഗത്തേയ്ക്ക് വരുന്നത് പ്രേരിപ്പിക്കുകയും, ത്വരിതപ്പെടുത്തുകയും ചെയ്യണം.

25. ബ്രഹ്മഗിരി പദ്ധതി കൂടുതൽ സ്ഥലത്തേയ്ക്ക് വ്യാപിപ്പിക്കണം.

26. മിൽമയുടെ മർമ്മ പ്രധാന ലക്ഷ്യം കർഷകരുടെ വരുമാനം വർദ്ധിപ്പിക്കാനാകണം.

27. മിൽമ ഒരു മഹാ കാർഷിക പ്രസ്ഥാനമായി ഉയരണം. ക്ഷീരകർഷകന് പരമാവധി വില നൽകണം.

28. ഒരു ലക്ഷം വീട്ടു വളപ്പുകളിൽ താറാവ് വളർത്തൽ

29. കേരളത്തിലെ എരുമ വളർത്തൽ മേഖലയ്ക്ക് സംഭവിച്ചിരിക്കുന്ന ക്ഷീണം മാറ്റിയെടുത്ത് അതിവിപുലമാക്കാൻ 41 കോടി രൂപയുടെ പദ്ധതി ശുപാർശ.

30. കർഷകരെയും, ഉദ്യോഗസ്ഥന്മാരെയും പഠന പര്യടനത്തിനും, ഉപരി പഠനത്തിനും അയയ്ക്കണം.

31. ക്ഷീര-മൃഗസംരക്ഷണ മേഖലയിൽ ബി.പി.എൽ/എ.പി.എൽ. വ്യത്യാസം പാടില്ല.

32. വ്യാവസായികാടിസ്ഥാനത്തിൽ കോഴിവളർത്താൻ കേരളത്തിലും സാദ്ധ്യതകൾ.

33. പാൽ അധിഷ്ഠിത ഉല്പന്നങ്ങളുടെ നിർമ്മാണം പ്രചരിപ്പിക്കാൻ ഒരു ജനകീയ പ്രസ്ഥാനവും പരിശീലനവും.

34. 30000 കാലിത്തൊഴുത്തുകൾ ആധുനികവൽക്കരിക്കാൻ കർഷകർക്ക് സഹായം.

35. കൊളസ്ട്രോൾ രഹിത മുൽ മാംസോൽപാദനം വർദ്ധിപ്പിക്കാൻ 5000 യൂണിറ്റുകൾ ആരംഭിക്കും. 5 കോടി രൂപയുടെ സഹായം കർഷകർക്ക് ലഭ്യമാക്കും. 3 വർഷങ്ങളിലായി 21 കോടി രൂപയുടെ പദ്ധതി.

36. മിനി ഡയറി യൂണിറ്റുകൾ നവീകരിക്കുന്നതിന് 21.26 കോടി രൂപയുടെ പദ്ധതിയ്ക്ക് ശുപാർശ.

37. കൃത്രിമ ബീജദാനത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് 1 കോടി രൂപയുടെ പദ്ധതി

38. കന്നുകാലികളെ കർഷകന്റെ വീട്ടുപടിക്കൽ ചെന്ന് കുത്തിവയ്ക്കുന്ന പദ്ധതി നടപ്പിലാക്കുന്നതിന് 1 കോടി രൂപ.

39. ജനിതക ലാബ് സ്ഥാപിക്കാൻ 2.6 കോടി രൂപ.

40. മൃഗസംരക്ഷണ വകുപ്പിൽ ഒരു പ്രത്യേക ജന്തുജന്യരോഗ പൊതുജനാരോഗ്യ വിഭാഗം ആരംഭിക്കുന്നതിന് ശുപാർശ

41. കറവയന്ത്രങ്ങൾ വാങ്ങുന്നതിന് 300 കർഷകർക്ക് ധനസഹായം.

42. കന്നുകാലികളുടെ ജനനമരണം രജിസ്റ്റർ ചെയ്യുന്നതിനുള്ള ശുപാർശ.

43. മിൽമ ഹെഡ്ഓഫീസ് ശക്തിപ്പെടുത്തുന്നതിന് പ്രത്യേക ശുപാർശ.

44. പാലുല്പന്ന നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് 21 കോടി രൂപയുടെ പദ്ധതി

45. ശുദ്ധമായ പാലുല്പന്ന കിറ്റുകൾ വിതരണം ചെയ്യുന്നതിന് ശുപാർശ

46. പാൽ പരിശോധനാ ലാബുകൾ / ശക്തിപ്പെടുത്തുന്നന്നതിന് 18 കോടിയുടെ ശുപാർശ

47. അസോളകൃഷി വികസനത്തിന് 4.25 കോടി രൂപയുടെ പദ്ധതി

48. ഹ്രസ്വകാല തീറ്റപ്പുൽവിള കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ശുപാർശ.

49. കോയിപ്രത്ത് തീറ്റപ്പുൽകൃഷി വികസന പരിശീലന കേന്ദ്രം സ്ഥാപിക്കുന്നതിനുള്ള ശുപാർശ.

50. പ്രാദേശികമായി ലഭ്യമായ അസംസ്കൃത സാധനങ്ങൾ ഉപയോഗിച്ച് കാലിത്തീറ്റ നിർമ്മിക്കുന്നതിന് ശുപാർശ.

51. 1999-ലെ കേരള മുനിസിപ്പൽ കെട്ടിട നിർമ്മാണ നിയമം ഭേദഗതിയ്ക്ക് ശുപാർശ

52. വെറ്റിനറി യൂണിവേഴ്സിറ്റി ആരംഭിക്കുന്നതിന് ശുപാർശ.

53. പാൽവില്പന നടത്തുന്ന ഏജൻസികൾ ബ്രാന്റ് നെയിം രജിസ്റ്റർ ചെയ്യുന്നതിന് ശുപാർശ.

54. ക്ഷീരസംഘങ്ങളിലും മേഖലായൂണിയൻ, ഫെഡറേഷൻ യൂണിറ്റുകളിലും സ്ത്രീ പ്രാതിനിധ്യം വർദ്ധിപ്പിക്കാൻ ശുപാർശ.

55. മിൽമ കർഷകർക്ക് പാൽവില നൽകുന്നതിന് സുതാര്യത ഉറപ്പു വരുത്തണം.

56. മിൽമയിൽ കൺകറന്റ് ആഡിറ്റ് കർശനമായി സമയക്രമം പാലിച്ച് നടപ്പിലാക്കണം.

57. മിൽമയും വിവിധ ഏജൻസികളുമായി ഏകോപനം അത്യാവശ്യമാണ്.

58. അത്യാധുനിക സൗകര്യങ്ങളോടുകൂടിയ ഹൈടെക് ഡയറിഫാമുകൾ സ്ഥാപിക്കാൻ ശുപാർശ.

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 286 * | 18.07.2011-ൽ മറുപടിയ്ക്ക്

## കാർഷിക മേഖലയുടെ പുരോഗതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.എസ്. രാജേന്ദ്രൻ:<br>ശ്രീ. പ്രൊഫ. സി.രവീന്ദ്രനാഥ് :<br>ശ്രീമതി കെ.എസ് . സലീഖ<br>ശ്രീ. പുരുഷൻ കടലുണ്ടി | ശ്രീ. കെ . പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |

(എ) കാർഷിക മേഖലയുടെ പുരോഗതിക്കായി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(എ) കാർഷിക മേഖലയുടെ പുരോഗതിക്കായി 2011-12-ൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ

i) നെൽകൃഷി

1. ഭക്ഷ്യ സുരക്ഷാ പദ്ധതി
2. ഗ്രൂപ്പ് ഫാമിംഗ് പദ്ധതി
3. നെല്ല് സംഭരണം
4. നെൽകൃഷി ഇൻഷ്വറൻസ്
5. തരിശുഭൂമി കൃഷി
6. കരനെല്ല് കൃഷി
7. സൗജന്യ വൈദ്യുതി
8. ദേശീയ ഭക്ഷ്യ സുരക്ഷാ മിഷൻ പദ്ധതി
9. വിത്തുൽപ്പാദന പരിപാടി

ii) കേരകൃഷി

1. നാളികേര കർഷകർക്ക് ക്ലസ്റ്റർ രീതി സ്വീകരിച്ച് കേര കൃഷിയിൽ ഉല്പാദന വർദ്ധവിന് ഊന്നൽ നൽകും.
2. നാളികേര വികസന ബോർഡിന്റെ സഹായത്തോടെ തെങ്ങ് കൃഷി പുനരുദ്ധാരണ പദ്ധതി
3. കേര ഇൻഷ്വറൻസ് പദ്ധതി
4. നല്ലയിനം തെങ്ങിൻ തൈകളുടെ ഉല്പാദനവും വിതരണവും

iii) പച്ചക്കറി കൃഷി

1. ഹരിത സംഘങ്ങൾ മുഖേനയുള്ള പച്ചക്കറി വികസനം
2. വിലക്കയറ്റം തടയാൻ ഓണ വിപണിയും ഗ്രാമീണ ചന്തകളും
3. എല്ലാ വീട്ടിലും പച്ചക്കറി വിത്ത് കിറ്റ് വിതരണം (25 ലക്ഷം)

iv ) മറ്റ് പദ്ധതികൾ

1. കുട്ടനാട് മേഖലയിൽ കാർഷിക യന്ത്ര സാമഗ്രികളുടെ അപര്യാപ്തത പരിഹരിക്കാൻ കൊയ് ത്തു മെതി യന്ത്രങ്ങൾ നൽകും.

2.കോട്ടയം ജില്ലയിൽ വെച്ചൂരിൽ ആധുനി റൈസ് മിൽ സ്ഥാപിക്കും

3. 4 കാർഷിക മൊത്ത വ്യാപാര വിപണികളിൽ കാർഷിക ഉല്പന്നങ്ങൾ കർഷകർക്ക് നേരിട്ടു വിപണനം ചെയ്യുന്നതിനുള്ള സൗകര്യം.

4. സ്റ്റേറ്റ് ഹോർട്ടിക്കൾച്ചർ മിഷൻ മുഖേന 750 ഹെക്ടർ പ്രദേശത്ത് ജൈവ കൃഷി വ്യാപിപ്പിക്കും

5. ഔഷധ സസ്യകൃഷി മിഷൻെറ സഹായത്തോടെ 75 ലക്ഷം രൂപ ചെലവിൽ 500 ഹെക്ടർ സ്ഥലത്ത് ഔഷധ സസ്യകൃഷി വ്യാപിപ്പിക്കും

6. യുവാക്കളെ കാർഷിക മേഖലയിലേയ്ക്ക് ആകർഷിക്കുവാനായി കൂത്തുപറമ്പിൽ ദേശീയ ഗവേഷണ പരിശീലന കേന്ദ്രം സ്ഥാപിക്കും.

7. കർഷകർക്ക് സോയിൽ ഹെൽത്ത് കാർഡ് വിതരണം ചെയ്യും

8. ആലപ്പുഴയിൽ 2000 മെട്രിക് ടൺ സംഭരണ ശേഷിയുള്ള സീഡ് ഗോഡൗൺ ആരംഭിക്കും

| | | | |
|---|---|---|---|
| (ബി) | ഭക്ഷ്യോൽപ്പന്നങ്ങളിൽ സ്വയം പര്യാപ്തത കൈവരിക്കുന്നത് ലക്ഷ്യമാക്കിക്കൊണ്ടുള്ള പദ്ധതികൾ നടപ്പിലാക്കുമോ ; | (ബി) | നടപ്പിലാക്കും. അതിൻെറ ഭാഗമായി പ്രധാനപ്പെട്ട വിളകളായ നെല്ല്, പച്ചക്കറി എന്നിവയ്ക്ക് പ്രത്യേക വികസന പദ്ധതികൾ നടപ്പാക്കി വരുന്നു. |
| (സി) | കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനും അതു വഴി കർഷകത്തൊഴിലാളികളെ കൂടുതലായി ഈ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനും വേണ്ടിയുള്ള പദ്ധതികൾ ആവിഷ്കരിക്കുമോ ? | (സി) | കർഷകത്തൊഴിലാളികൾക്കായി കൃഷി വകുപ്പ് പ്രത്യേക പദ്ധതികളൊന്നും ആവിഷ്ക്കരിച്ചിട്ടില്ല. കാർഷിക വികസന പദ്ധതിയുടെ നടത്തിപ്പിലൂടെ കാർഷികവൃത്തി ആദായകരമാക്കുന്നതിനും അതുവഴി കർഷകത്തൊഴിലാളികളെ ഈ മേഖലയിൽ തുടരുന്നതിനും പ്രേരിപ്പിക്കുന്നതാണ്. |

Sherly P

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 287. 18.07.2011-ൽ മറുപടിക്ക്

അന്യസംസ്ഥാന തൊഴിലാളികളുടെ സുരക്ഷ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എം.എ.വാഹീദ്<br>ശ്രീ. പി.എ. മാധവൻ<br>ശ്രീ. കെ. ശിവദാസൻ നായർ<br>ശ്രീ. പി.സി. വിഷ്ണു നാഥ് | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് ജോലി ചെയ്യുന്ന അന്യസംസ്ഥാന തൊഴിലാളികളുടെ കണക്കുകളും രേഖകളും സൂക്ഷിക്കുവാൻ സംവിധാനങ്ങൾ ഉണ്ടോ; ഇല്ലെങ്കിൽ ഇതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (എ) ഉണ്ട്. |
| (ബി) നിർമ്മാണ മേഖലയിൽ പ്രവർത്തിക്കുന്ന അന്യസംസ്ഥാന തൊഴിലാളികൾക്ക് തുടർച്ചയായി അപകട മരണങ്ങൾ സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഉണ്ട് |
| (സി) ഇതു തടയുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; | (സി) അന്യസംസ്ഥാനത്തുനിന്നുള്ള എല്ലാ തൊഴിലാളികളെ സംബന്ധിച്ചും 1996-ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് നിയമപ്രകാരം തൊഴിലുടമ ലഭ്യമാക്കേണ്ട സുരക്ഷാ ക്രമീകരണങ്ങൾ പാലിച്ചു കൊണ്ടാണോ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത് എന്ന് തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥരും ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പ് ഉദ്യോഗസ്ഥരും സംയുക്തമായി പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്. സുരക്ഷാ ക്രമീകരണങ്ങൾ പാലിക്കാതെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടാൽ നിർത്തിവെയ്ക്കാൻ നിർദ്ദേശം നൽകാറുമുണ്ട്. |

| | | |
|---|---|---|
| (ഡി) അന്യസംസ്ഥാന തൊഴിലാളികൾ സംസ്ഥാനത്ത് നിരവധി കുറ്റകൃത്യ-ങ്ങളിൽ പങ്കാളികളാകുന്ന സാഹ-ചര്യത്തിൽ ഇവർക്ക് രജിസ്ട്രേഷനും പോലീസ് വെരിഫിക്കേഷൻ സർട്ടിഫി-ക്കറ്റുകളും നിർബന്ധമാക്കുമോ; | (ഡി) | ഇത് തൊഴിൽ വകുപ്പുമായി ബന്ധപ്പെട്ട വിഷയമല്ല. എന്നാൽ 2010-ലെ കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി പ്രകാരം അന്യസംസ്ഥാന തൊഴിലാളികളെ രജിസ്റ്റർ ചെയ്യുന്നതിനും അവർക്ക് തിരിച്ചറിയൽ കാർഡ് നൽകുന്നതിനും വ്യവസ്ഥയുണ്ട്. ആയതിനുള്ള നടപടി ഈ വകുപ്പിൽ ആരംഭിച്ചിട്ടുണ്ട്. |
| (ഇ) അപകടങ്ങളിൽപ്പെടുന്നവരും മരണപ്പെടുന്നവരുമായ അന്യ സംസ്ഥാന തൊഴിലാളികൾക്ക് ചികിത്സകളോ നഷ്ടപരിഹാരങ്ങളോ നൽകാൻ ഇപ്പോൾ സംവിധാനങ്ങൾ ഉണ്ടോ; ഇല്ലെങ്കിൽ ഇതിന് നടപടികൾ സ്വീകരിക്കുമോ? | (ഇ) | അന്യസംസ്ഥാന തൊഴിലാളി ക്ഷേമ പദ്ധതിയിൽ അംഗത്വമെടുത്തിട്ടുള്ളവർക്ക് ചികിത്സാ ആനുകൂല്യങ്ങളും നഷ്ട പരിഹാരവും നല്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 288. 18.07.2011-ൽ മറുപടിക്ക്

കുടിയേറ്റ തൊഴിലാളികൾക്ക് ക്ഷേമ പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ഇ. ചന്ദ്രശേഖരൻ<br>ശ്രീമതി. ഇ.എസ്. ബിജിമോൾ | | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) കുടിയേറ്റ തൊഴിലാളികൾക്കായി ഒരു ക്ഷേമ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ ഈ ക്ഷേമ നിധിയിൽ എത്ര അംഗങ്ങളുണ്ട്; | (എ) | കുടിയേറ്റ തൊഴിലാളികൾക്കായി കേരള കുടിയേറ്റ ക്ഷേമപദ്ധതി - 2010 രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതിയിൽ നാളിതുവരെ 2909 അംഗങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) ക്ഷേമ പദ്ധതിയിലൂടെ ഇത്തരം തൊഴിലാളികൾക്ക് എന്തെല്ലാം ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ടെന്ന് വിശദമാക്കുമോ? | (ബി) | കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിന് കീഴിലാണ് പ്രസ്തുത ക്ഷേമപദ്ധതി പ്രവർത്തിച്ചു വരുന്നത്. ടി പദ്ധതി പ്രകാരം അംഗങ്ങൾ ആകുന്ന തൊഴിലാളികൾക്ക് ചികിത്സാ-ധനസഹായം, ആശ്വാസ ധനസഹായം, അംഗത്വം നിലനിൽക്കേ മരണമടയുന്ന അംഗത്തിന്റെ ആശ്രിതർക്ക് ധനസഹായം, മരണമടഞ്ഞ തൊഴിലാളിയുടെ ഭൗതിക ശരീരം നാട്ടിലെത്തിയ്ക്കുന്നതിനുള്ള ധനസഹായം, ഒരു വർഷത്തിൽ കുറയാത്ത കാലം അംഗത്വം നിലനിറുത്തി-യിട്ടുള്ള അംഗത്തിന്റെ മക്കൾക്ക് ഉന്നത വിദ്യാഭ്യാസത്തിന് ഗ്രാന്റ്, അംഗങ്ങൾ 5 വർഷത്തിൽ കുറയാത്ത കാലം അംശ-ദായം അടച്ച് തൊഴിൽ അവസാനിപ്പി-യ്ക്കുമ്പോൾ ടെർമിനൽ ബെനിഫിറ്റ് എന്നീ ആനുകൂല്യങ്ങൾ അനുവദിയ്ക്കു-ന്നതാണ്.<br>മേൽ സൂചിപ്പിച്ച ആനുകൂല്യങ്ങൾ കൂടാതെ 'അന്യസംസ്ഥാന തൊഴിലാളികൾ- |

ക്കുള്ള ആരോഗ്യ പദ്ധതി' ജില്ലാ ലേബർ ഓഫീസർ മുഖേന സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. ഇവർക്ക് ആവശ്യമായ താമസ സൗകര്യം ഏർപ്പെടുത്തിക്കൊടുക്കുന്നതിനും തൊഴിൽ വകുപ്പ് നടപടികൾ സ്വീകരിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 289 — 18.07.2011-ൽ മറുപടിയ്ക്ക്

## സഹകരണ മേഖലവഴി നിത്യോപയോഗ സാധനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എസ്. ശർമ്മ:<br>ഡോ. ടി.എം. തോമസ് ഐസക്:<br>ശ്രീ. വി. ശിവൻകുട്ടി:<br>ശ്രീ. കെ. കുഞ്ഞിരാമൻ<br>(തൃക്കരിപ്പൂർ): | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണ വകുപ്പ് മന്ത്രി) |
| (എ) സഹകരണ മേഖലയിലൂടെ സംസ്ഥാനത്ത് വിലക്കയറ്റം പിടിച്ചു നിർത്തുന്നതിനും ഗുണമേന്മയുള്ള നിത്യോപയോഗസാധനങ്ങൾ ലഭ്യമാക്കുന്നതിനുമുള്ള ഇടപെടലുകൾ എത്രമാത്രം ഫലപ്രദമാണെന്ന് അവലോകനം ചെയ്തിട്ടുണ്ടോ, എങ്കിൽ വിശദമാക്കുമോ; | (എ) അവലോകനം ചെയ്തിട്ടുണ്ട്. വിലക്കയറ്റം നിയന്ത്രിക്കാൻ സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ കൺസ്യൂമർ ഫെഡറേഷൻ മുഖേന ഫെഡറേഷന്റെ സ്വന്തം യൂണിറ്റുകളിലൂടെയും സഹകരണ സംഘങ്ങളിലൂടെയും പ്രത്യേക വിപണന കേന്ദ്രങ്ങളിലൂടെയും ഗുണമേന്മയുള്ള നിത്യോപയോഗ സാധനങ്ങൾ മാർക്കറ്റ് വിലയേക്കാൾ 20% മുതൽ 60% വരെ വിലക്കുറവിൽ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുകവഴി പൊതു വിപണിയിലെ വിലക്കയറ്റത്തിൽ നിന്നും ഉപഭോക്താക്കൾക്ക് വളരെ ആശ്വാസം നൽകാൻ കഴിഞ്ഞിട്ടുണ്ട്. അതോടൊപ്പം പൊതുവിപണിയിലെ വില ഉയരാതിരിക്കാനും ഇത് സഹായിച്ചിട്ടുണ്ട്. ഉത്സവ കാലങ്ങളിലും വിലക്കയറ്റത്തിന്റെ പ്രത്യേക അവസരങ്ങളിലും സഹകരണ വകുപ്പും കൺസ്യൂമർഫെഡും അവസരത്തിനൊത്ത് പ്രവർത്തിക്കുന്നുണ്ട്. |
| (ബി) സഹകരണ മേഖലയിലെ ഏതെല്ലാം സ്ഥാപനങ്ങളാണ് ഈ രംഗത്ത് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) പ്രാഥമിക സഹകരണ സംഘങ്ങൾ, ജില്ലാ മൊത്ത വ്യാപാര സഹകരണ സ്റ്റോറുകൾ ഇവ ഉൾപ്പെടുന്ന സംസ്ഥാനത്തെ സഹകരണ മേഖല ഒന്നായി സംസ്ഥാന സഹകരണ കൺസ്യൂമർ ഫെഡറേഷന്റെ നേതൃത്വത്തിൽ ഈ രംഗത്ത് പ്രവർത്തിക്കുന്നത്. സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്കുകൾ ഇവയും ഈ പ്രവർത്തനത്തിന് പിന്തുണ നൽകുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഈ സ്ഥാപനങ്ങളുടെ മൂലധനവും പ്രവർത്തനഫണ്ടും വർദ്ധിപ്പിച്ച് നൽകാൻ തയ്യാറാകുമോ? | (സി) | ഇക്കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 290 — 18.7.2011 മറുപടിയ്ക്ക്

## തീറ്റപ്പുൽ കൃഷിയും കാലിത്തീറ്റ ഉൽപാദനവും

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീ.സാജു പോൾ<br>ശ്രീ.ആർ.സെൽവരാജ്<br>ശ്രീ.വി.ചെന്താമരാക്ഷൻ | | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) | തീറ്റപ്പുൽകൃഷി വ്യാപിപ്പിക്കേണ്ടതിന്റെയും കാലിത്തീറ്റ ഉല്പാദനം വർദ്ധിപ്പിക്കേണ്ടതിന്റെയും ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | ഇതിന് ഊന്നൽ നൽകി കൊണ്ടുളള പദ്ധതിക്ക് രൂപം നൽകാൻ തയ്യാറാകുമോ; | ബി) | ക്ഷീരവികസന വകുപ്പ് തീറ്റപ്പുൽകൃഷി വ്യാപന പദ്ധതികൾ നടപ്പിലാക്കി വരുന്നു. കേരള ഫീഡ്സ്, മിൽമ എന്നീ ഏജൻസികൾ കാലിത്തീറ്റ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുളള നടപടികൾ സ്വീകരിച്ചു വരുന്നു. |
| സി) | ഈ രണ്ട് മേഖലകളിലും സ്വയം പര്യാപ്തത കൈവരിക്കാനുളള പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ടെങ്കിൽ ആയത് വിശദമാക്കാമോ ? | സി) | തീറ്റപ്പുൽ കൃഷി വ്യാപനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി ക്ഷീരവികസന വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. തീറ്റച്ചെലവ് കുറയ്ക്കുന്നതിനുവേണ്ടി തീറ്റപ്പുൽകൃഷിയ്ക്കായി ക്ഷീരകർഷകർക്ക് സൗജന്യമായി തീറ്റപ്പുൽക്കടകൾ എത്തിച്ചുകൊടുക്കുന്നു. കൂടാതെ സംഘങ്ങളെ/വ്യക്തികളെ/ ഗ്രൂപ്പുകളെ പ്രോത്സാഹിപ്പിച്ച് പുൽകൃഷി നടപ്പാക്കി പച്ചപ്പുല്ല് കുറഞ്ഞ വിലയ്ക്ക് കർഷകർക്ക് വിതരണം നടത്താനും പുൽക്കടകൾ വാങ്ങി കർഷകർക്ക് കൃഷി ചെയ്യുന്നതിനും നടപടി സ്വീകരിക്കുന്നു .2010-11 വർഷത്തിൽ 300 ലക്ഷം രൂപയുടെ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുളളത്. കാലിത്തീറ്റ ചെലവ് കുറയ്ക്കുന്നതിന് തീറ്റപ്പുൽ കൃഷി വ്യാപകമാക്കി കാലിത്തീറ്റയിൽ സ്വയം പര്യാപ്തതനേടുകയാണ് ക്ഷീരവികസന വകുപ്പിന്റെ ലക്ഷ്യം. |

കാലിത്തീറ്റ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി കേരള ഫീഡ്സ് ലിമിറ്റഡ് രണ്ട് പുതിയ പ്രോജക്ടുകൾ ആരംഭിച്ചിട്ടുണ്ട്. അവ താഴെ സൂചിപ്പിക്കുന്നു.

1. 300 **TPD** ഉല്പാദനശേഷിയുള്ള കാലിത്തീറ്റ നിർമ്മാണ ഫാക്ടറി, കരുനാഗപ്പള്ളി.
2. 50 **TPD** ഉല്പാദനശേഷിയുള്ള സംമ്പുഷ്ടീകരിച്ച വൈക്കോൽകട്ട നിർമ്മാണ പ്ളാന്റ് , മുതലമട.

ഇതു കൂടാതെ മലബാർ മേഖലയിൽ ക്ഷീരകർഷകർക്ക് ആവശ്യാനുസരണം കാലിത്തീറ്റ ലഭ്യമാക്കുന്നതിനായി 300 മെട്രിക് ടൺ പ്രതിദിന ഉല്പാദനശേഷിയുള്ള കാലിത്തീറ്റ ഫാക്ടറി സ്ഥാപിക്കുന്നതിനായി കേരള ഫീഡ്സ് പദ്ധതിയിട്ടിട്ടുണ്ട്.

മിൽമ കാലിത്തീറ്റ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി നിലവിലുള്ള കാലിത്തീറ്റ ഫാക്ടറികളുടെ ഉല്പ്പാദന ശേഷി വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. ഇതിന്റെ ഭാഗമായി പട്ടണക്കാടും മലമ്പുഴയിലുമുള്ള കാലിത്തീറ്റ ഫാക്ടറികളിൽ അസംസ്കൃത പദാർത്ഥങ്ങൾ സൂക്ഷിക്കുന്നതിനുള്ള ഗോഡൗണുകളുടെ പണി പൂർത്തിയാകുന്ന മുറയ്ക്ക് കൂടുതൽ അസംസ്കൃത പദാർത്ഥങ്ങൾ വാങ്ങി ശേഖരിച്ച് കാലിത്തീറ്റ ആവശ്യാനുസരണം ഉല്പ്പാദിപ്പിക്കാനാണ് പദ്ധതി ഇട്ടിട്ടുളളത്.
തീറ്റപ്പുൽ കൃഷി വ്യാപിപ്പിക്കുന്നതിന് കേന്ദ്രസർക്കാർ നൽകിവരുന്ന ചോളം, സർഗ്ഗം പുൽ വിത്തുകൾ പാൽ സംഘങ്ങൾ വഴി കർഷകർക്ക് വിതരണം ചെയ്ത് കഴിഞ്ഞു. ഈ വിത്തുക്കൾ ഉപയോഗിച്ച് കർഷകർ തീറ്റപ്പുൽ കൃഷി ആരംഭിക്കാനുള്ള പദ്ധതികൾ നടന്നുവരുന്നു.

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 291 — 18.07.2011 ൽ മറുപടിയ്ക്ക്

## സഹകരണ ബാങ്കുകൾ നൽകുന്ന വിദ്യാഭ്യാസ വായ്പ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി<br>ശ്രീ. കെ. എം. ഷാജി<br>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി<br>ശ്രീ. സി. മോയിൻകുട്ടി | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണ വകുപ്പ് മന്ത്രി) |
| (എ) വിദ്യാഭ്യാസ വായ്പ നൽകുന്ന കാര്യത്തിൽ സംസ്ഥാനത്തെ സഹകരണ ബാങ്കുകളുടെ പങ്ക് എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ; | (എ) സർക്കാർ/സർക്കാർ അംഗീകൃത കോളേജുകളിൽ/സ്ഥാപനങ്ങളിൽ സർക്കാർ/സർക്കാർ അംഗീകൃത കൗൺസിലുകൾ/എ.ഐ.സി.റ്റി.ഇ/ കേരളത്തിലെ യൂണിവേഴ്സിറ്റികൾ അംഗീകരിച്ചിട്ടുള്ള കോഴ്സുകൾക്ക് പ്രവേശനം ലഭിച്ചിട്ടുള്ള വിദ്യാർത്ഥികൾക്ക് സഹകരണ സ്ഥാപനങ്ങൾ വിദ്യാഭ്യാസ വായ്പ അനുവദിക്കാറുണ്ട്.<br>2006-07 വർഷത്തിൽ 1003.43 ലക്ഷവും<br>2007-08 വർഷത്തിൽ 1440.76 ലക്ഷവും<br>2008-09 വർഷത്തിൽ 2110.06 ലക്ഷവും<br>2009-10 വർഷത്തിൽ 3078.99 ലക്ഷവും<br>2010-11 വർഷത്തിൽ 1762.73 ലക്ഷവും<br>രൂപയുടെ വിദ്യാഭ്യാസ വായ്പ സഹകരണ ബാങ്കുകൾ വിതരണം ചെയ്തിട്ടുണ്ട്. |
| (ബി) സഹകരണ ബാങ്കുകളുടെ 31.03.2011 ലെ നീക്കിയിരിപ്പ് എത്രയാണ്; | (ബി) 31.03.2011 ലെ സ്ഥിതി പ്രകാരം സംസ്ഥാനത്തൊട്ടാകെ സഹകരണ ബാങ്കുകൾ വിതരണം ചെയ്ത വിദ്യാഭ്യാസ വായ്പയിൽ 12860.51 ലക്ഷം രൂപയുടെ ബാക്കി നില്പാണുള്ളത്. |
| (സി) ധാരാളം പണം നീക്കിയിരിപ്പുണ്ടായിട്ടും വിദ്യാഭ്യാസ വായ്പ നൽകാൻ സഹകരണ ബാങ്കുകൾ വിമുഖത കാണിക്കുകയാണെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | |
|---|---|---|
| (ഡി) | സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ എത്ര വിദ്യാർത്ഥികൾക്ക് കഴിഞ്ഞ അഞ്ചു വർഷത്തിനിടയിൽ എന്തു തുക വിദ്യാഭ്യാസ വായ്പയായി നൽകിയിട്ടുണ്ടെന്ന് അറിയിക്കുമോ; | (ഡി) സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന 53 വിദ്യാർത്ഥികൾക്ക് 120.19 ലക്ഷം രൂപ കഴിഞ്ഞ 5 വർഷത്തിനിടയിൽ സഹകരണ ബാങ്കുകൾ വിദ്യാഭ്യാസ വായ്പയായി വിതരണം ചെയ്തിട്ടുണ്ട്. |
| (ഇ) | സഹകരണ ബാങ്കുകൾ വിദ്യാഭ്യാസ വായ്പയ്ക്ക് നിലവിൽ ഏതു നിരക്കിലാണ് പലിശ ഈടാക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ഇ) സഹകരണ ബാങ്കുകൾ നിലവിൽ 11 ശതമാനം പലിശ നിരക്കിലാണ് വിദ്യാഭ്യാസ വായ്പ വിതരണം ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 292 — 18.07.2011 ൽ മറുപടിയ്ക്ക്

### സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിൽ പ്രൊഫഷണലിസവും കാര്യക്ഷമതയും ഉറപ്പാക്കാൻ പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ആർ. രാജേഷ്<br>ശ്രീ. കെ. വി. വിജയദാസ്<br>ശ്രീ. ബി. സത്യൻ<br>ശ്രീ. പി. റ്റി. എ. റഹിം | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണ വകുപ്പ് മന്ത്രി) |
| (എ) സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിൽ പ്രൊഫഷണലിസവും കാര്യക്ഷമതയും ഉറപ്പാക്കാൻ ഉതകുന്ന എന്തെങ്കിലും പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) കേരളത്തിലെ സഹകരണ ബാങ്കുകളിൽ കമ്പ്യൂട്ടർവത്ക്കരണം, കോർബാങ്കിംഗ് സൗകര്യം, എ.ടി.എം. ശൃംഖല എന്നിവ നടപ്പിലാക്കുന്നതിനായി സംസ്ഥാന/ജില്ലാതല കമ്മിറ്റികൾ 10.08.2010 ലെ സ.ഉ (സാധാ) 524/2010/സഹ നമ്പർ ഉത്തരവ് പ്രകാരം രൂപീകരിച്ചിട്ടുണ്ട്. സഹകരണ ബാങ്കുകൾ ധനകാര്യ സ്ഥാപനങ്ങളായതിനാൽ അവയുടെ പ്രവർത്തനങ്ങളിൽ പ്രൊഫഷണലിസവും, കാര്യക്ഷമതയും ഉറപ്പാക്കുന്നതിന് ഭരണ സമിതി തലത്തിൽ പിന്തുണ ആവശ്യമാണെന്ന കണ്ടതിന്റെ അടിസ്ഥാനത്തിൽ അർബൻ ബാങ്കുകളുടെ ഭരണസമിതിയിൽ ബാങ്കിംഗ് രംഗത്ത് പരിചയ സമ്പന്നരോ എം.ബി.എ/ സി.എ/ഐ.സി.ഡബ്ല്യു.എ തുടങ്ങിയ സാങ്കേതിക യോഗ്യത ഉള്ളവരോ ആയ രണ്ട് പേർ ഉണ്ടായിരിക്കണമെന്ന് വ്യവസ്ഥ ചെയ്ത് സഹകരണ നിയമത്തിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. സഹകരണ സ്ഥാപനങ്ങളിൽ വിവിധ തട്ടുകളിൽ ഉള്ള എല്ലാ വിഭാഗം ജീവനക്കാരിലും കാര്യക്ഷമത വർദ്ധനവിന് ഓരോ ജീവനക്കാരനേയും മൂന്ന് വർഷത്തിലൊരിക്കൽ ഒരു ഹ്രസ്വകാല |

പരിശീലന പരിപാടിക്കെങ്കിലും നിയോഗിച്ചിരിക്കണമെന്നും, ഒരു ജീവനക്കാരന് അടുത്ത തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിക്കുന്നതിന് താൻ പ്രവർത്തിയെടുക്കുന്ന മേഖലയുമായി ബന്ധപ്പെട്ട ഒരു ഹ്രസ്വകാല പരിശീലന പരിപാടി വിജയകരമായി പൂർത്തീകരിച്ചിരിക്കണമെന്നും വ്യവസ്ഥ ചെയ്ത് സഹകരണ ചട്ടത്തിൽ ഭേദഗതി വരുത്തുകയുണ്ടായി. ജില്ലാ സഹകരണ ബാങ്കുകളുടെയും അർബൻ ബാങ്കുകളുടേയും ചീഫ് എക്സിക്യൂട്ടീവ്മാർക്ക് പ്രൊഫഷണൽ യോഗ്യത നിശ്ചയിച്ച് ചട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

| | |
|---|---|
| (ബി) സേവനങ്ങൾ ആധുനിക സംവിധാനങ്ങളിൽ കൂടി പ്രയോജനപ്പെടുത്താൻ അംഗങ്ങൾക്ക് സാധ്യമാകും വിധം സജ്ജമാക്കാൻ സംഘങ്ങൾക്ക് സഹായം നൽകുമോ? | (ബി) എൻ.സി.ഡി.സി. ധനസഹായത്തോടെ സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ/ബാങ്കുകളുടെ കമ്പ്യൂട്ടർവത്ക്കരണത്തിനായുള്ള സർക്കാർ പദ്ധതി നിലവിലുണ്ട്. ഇതിലൂടെ മതിയായ തനത് ഫണ്ട് ലഭ്യമല്ലാത്തതും കമ്പ്യൂട്ടർവത്ക്കരണത്തിന് ധനസഹായം ആവശ്യമുള്ളതുമായ മുഴുവൻ സംഘങ്ങൾക്കും സഹായം ലഭ്യമാക്കാൻ കഴിയുന്നതാണ്. കമ്പ്യൂട്ടർവത്ക്കരണവും കോർബാങ്കിംഗ് സൗകര്യവും നടപ്പിലാക്കുന്ന മുറയ്ക്ക് കൂടുതൽ എ.ടി.എം കൾ സ്ഥാപിച്ച് അംഗങ്ങൾക്ക് ബാങ്കിന്റെ സേവനം കൂടുതൽ പ്രയോജനപ്പെടുത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 293 | 18.7.2011 മറുപടിയ്ക്ക്

വെറ്ററിനറി സർവ്വകലാശാല

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ഉബൈദുള്ള<br>ശ്രീ.മഞ്ഞളാംകുഴി അലി<br>ശ്രീ.എൻ.എ.നെല്ലിക്കുന്ന്<br>ശ്രീ.സി.മമ്മൂട്ടി | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) പുതുതായി സ്ഥാപിച്ച വെറ്ററിനറി സർവ്വകലാശാലയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;എങ്കിൽ വിശദമാക്കുമോ; | എ) ഉണ്ട്. ആക്ട് 3/2011 അനുസരിച്ച് രൂപീകരിക്കപ്പെട്ട കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് സർവ്വകലാശാല 14.6.2010 മുതൽ മുൻകാല പ്രാബല്യത്തോടെ നിലവിൽ വന്നെങ്കിലും സർവ്വകലാശാല ഓഫീസർമാർ 2011 ജനുവരി ആദ്യവാരത്തിലാണ് നിയമിതരായത്. 2011 ഏപ്രിൽ 1-ാം തീയതി മുതൽ വെറ്ററിനറി സർവ്വകലാശാല മാതൃസർവ്വകലാശാലയിൽ നിന്നും നിയമപരമായി വേർപ്പെടുത്തപ്പെട്ടു. ഇതിനകം താഴെ പറയുന്ന പ്രവർത്തനങ്ങൾ സർവ്വകലാശാല പൂർത്തീകരിച്ചിട്ടുണ്ട്.<br>1. കൈമാറ്റം ചെയ്യപ്പെട്ട കോളേജുകളിലെ ബിരുദ-ബിരുദാനന്തര വിദ്യാർത്ഥികളുടെ അക്കാദമിക്കൽ ഉത്തരവാദിത്വങ്ങൾ സമയബന്ധിതമായി ഏറ്റെടുത്തു കഴിഞ്ഞു. പരീക്ഷ നടത്തിപ്പ്, പരീക്ഷാ ഫലം പ്രസിദ്ധീകരിക്കൽ, പ്രവേശനത്തിനുള്ള നടപടിക്രമങ്ങൾ ക്രമപ്പെടുത്തൽ എന്നിവ നടന്നു വരുന്നു.<br>2.വെറ്ററിനറി സർവ്വകലാശാല താഴെപറയുന്ന മൂന്നു എം.എസ് കോഴ്സുകളും മൂന്നു ഡിപ്ളോമ കോഴ്സുകളും, രണ്ടു സർട്ടിഫിക്കറ്റ് കോഴ്സുകളും പുതിയതായി ആരംഭിക്കാൻ നടപടി സ്വീകരിച്ചു. |

1. എം.എസ്. കോഴ്സുകൾ.
എ)വൈൽഡ് ലൈഫ് സ്റ്റാറ്റിസ്റ്റിക്സ്
ബി) ക്വാളിറ്റി അഷ്വറൻസ് ഇൻ ഡയറി പ്രോസസിംഗ്.
സി) ബയോ സ്റ്റാറ്റിസ്റ്റിക്സ്.

2. ഡിപ്ലോമ കോഴ്സുകൾ
എ) ഡിപ്ലോമ ഇൻ ഡയറി സയൻസ്
ബി)ഡിപ്ലോമ ഇൻ പൗൾട്രി പ്രൊഡക്ഷൻ
സി) ഡിപ്ലോമ ഇൻ ലബോറട്ടറി ടെക്നിക്സ്

3.സർട്ടിഫിക്കറ്റ് കോഴ്സുകൾ
എ) സർട്ടിഫിക്കറ്റ് ഇൻ കപാസിറ്റി ബിൽഡിംഗ് ഫോർ ലൈവ്സ്റ്റോക്ക് ടെക്നോളജി എന്റർപ്രൈസസ്.
ബി) സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ വൈൽഡ് ലൈഫ് മാനേജ്മെന്റ്.

അടിസ്ഥാന സൗകര്യങ്ങൾ സംബന്ധിച്ച് വിശദമായ സർവ്വേയ്ക്ക് വേണ്ട നടപടികൾ ആരംഭിച്ചുകഴിഞ്ഞു. ഇതിനുള്ള കരാർ സർക്കാർ അംഗീകൃത ഏജൻസിയായ മെസെസ് റൂബിസോഫ്റ്റ് ടെക്ക് എന്ന കൺസൾട്ടന്റ്സിനെ ഏൽപ്പിച്ചിട്ടുണ്ട്.
3. ഗ്രാമ പഞ്ചായത്തുകളെ ബന്ധപ്പെടുത്തികൊണ്ട് ഗ്രാമീണ സംരഭകർക്കായിട്ടുള്ള തൊഴിൽ പരിശീലന-ശാക്തീകരണ പരിപാടി, രൂപീകരിച്ചുവരുന്നു.

| | | | |
|---|---|---|---|
| ബി) | ഏതെല്ലാം കോളേജുകളാണ് പ്രസ്തുത സർവ്വകലാശാലയുടെ പരിധിയിൽ വരുന്നത്; | ബി) | 1.കോളേജ് ഓഫ് വെറ്ററിനറി ആന്റ് അനിമൽ സയൻസസ് , പൂക്കോട് വയനാട്.<br>2. കോളേജ് ഓഫ് വെറ്ററിനറി ആന്റ് അനിമൽ സയൻസസ്, മണ്ണുത്തി, തൃശ്ശൂർ<br>3. കോളേജ് ഓഫ് ഡയറി സയൻസസ് ആന്റ് ടെക്നോളജി, മണ്ണുത്തി, തൃശ്ശൂർ. |
| സി) | ഈ രംഗത്തെ ഗവേഷണ | സി) | വെറ്ററിനറി സർവ്വകാലശാല |

| | | | |
|---|---|---|---|
| | പ്രവർത്തനങ്ങൾക്ക് എത്രത്തോളം പ്രോത്സാഹനം പ്രസ്തുത സർവ്വകലാശാലാ സ്ഥാപനം കൊണ്ട് ഉണ്ടായിട്ടുണ്ടെന്നതിന്റെ വിശദവിവരം ലഭ്യമാക്കുമോ; | | രൂപീകൃതമായിട്ട് ഏതാനും മാസങ്ങൾ മാത്രം ആയിട്ടുള്ളതിനാൽ ഗവേഷണ പ്രവർത്തനങ്ങൾക്ക് ലഭിച്ചിട്ടുള്ള പ്രോത്സാഹനം തിട്ടപ്പെടുത്തിയിട്ടില്ല. |
| ഡി) | സർവ്വകലാശാലാസ്ഥാപനവുമായും അതിന്റെ സുഗമമായ പ്രവർത്തനവുമായും ബന്ധപ്പെട്ട് മുൻ സർക്കാരിന്റെ കാലത്ത് എന്തെല്ലാം നടപടികൾ സ്വീകരിച്ചിരുന്നു;എന്തു തുക ഇതിനായി ചെലവഴിച്ചിട്ടുണ്ട് ; | ഡി) | സർവ്വകലാശാല സ്ഥാപിക്കുന്നത് സംബന്ധിച്ച് ഓർഡിനൻസ് പുറപ്പെടുവിക്കുകയും തുടർന്ന് നിയമസഭ ആക്ട് പാസാക്കുകയും ചെയ്തു. (2011-ലെ ആക്ട് 3) തുടർന്ന് വൈസ്ചാൻസലറെ നിയമിച്ചു. വെറ്ററിനറി സർവ്വകലാശാലയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി 175 ലക്ഷം രൂപ അനുവദിച്ചു. ഈ തുക പുതിയ സർവ്വകലാശാലയുടെ അടിസ്ഥാന സൗകര്യത്തിനായും പ്രാരംഭ ശമ്പളച്ചെലവുകൾക്കായും ചെലവഴിച്ചു. |
| ഇ) | ഇനിയും എന്തൊക്കെ സംവിധാനങ്ങളും സൗകര്യങ്ങളുമാണ് ഏർപ്പെടുത്താനുള്ളതെന്നും അതിന് എന്തു തുക വേണ്ടി വരുമെന്നും വെളിപ്പെടുത്തുമോ ? | ഇ) | ഇതു സംബന്ധിച്ച് വിശദമായ പഠനങ്ങൾ ആരംഭിച്ചു. കൃത്യമായ തുക തിട്ടപ്പെടുത്തി വരുന്നതേയുള്ളൂ. |

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 294** — **18.07.2011 ൽ മറുപടിയ്ക്ക്**

## സഹകരണ ബാങ്കിംങ് മേഖല

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി ജമീല പ്രകാശം<br>ശ്രീ. സി. കെ. നാണു<br>ശ്രീ. ജോസ് തെറ്റയിൽ<br>ശ്രീ. മാത്യു റ്റി. തോമസ് | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാന സഹകരണ ബാങ്കിംങ് മേഖലയിൽ ഈ സാമ്പത്തിക വർഷം ജൂൺ വരെ എത്ര തുക ഉണ്ട് എന്ന് വ്യക്തമാക്കാമോ; | (എ) സംസ്ഥാന സഹകരണ മേഖലയിൽ 2011 ജൂൺ മാസം വരെ 68805.13 കോടി രൂപയുടെ നിക്ഷേപ ബാക്കി നിൽപ്പുണ്ട് |
| (ബി) അതിൽ എത്ര തുക ക്രയവിക്രയം ചെയ്യാതെ ബാങ്കുകളുടെ കൈവശം ഉണ്ട് എന്ന് വ്യക്തമാക്കമോ; | (ബി) ഇതിൽ നിയമാനുസൃതം സൂക്ഷിക്കാവുന്ന കരുതൽ ധനാനുപാതം ഉൾപ്പെടെ 3096.22 കോടി രൂപ ക്രയവിക്രയം ചെയ്യാതെ സംഘങ്ങൾ/ബാങ്കുകളിൽ നിലവിലുണ്ടായിരുന്നതായി തിട്ടപ്പെടുത്തിയിട്ടുണ്ട്. |
| (സി) കേരളത്തിന് പുറത്തുള്ള ഏതെങ്കിലും വ്യവസായ സ്ഥാപനങ്ങൾക്ക് സഹകരണ ബാങ്കുകൾ വായ്പ നൽകിയിട്ടുണ്ടോ; എങ്കിൽ അത്തരം വായ്പകളുടെ തിരിച്ചടവിന് കാലതാമസം വരുത്തിയ ഏതെങ്കിലും പ്രധാന സ്ഥാപനങ്ങൾ ഉണ്ടോ; | (സി) സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ കേരളത്തിന് പുറത്തുള്ള ഏതെങ്കിലും വ്യവസായ സ്ഥാപനങ്ങൾക്ക് വായ്പ നൽകിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) സഹകരണ ബാങ്കുകൾ വഴി കൃഷി, ചെറുകിട വ്യവസായം എന്നീ മേഖലകൾക്ക് ശരാശരി എത്ര ശതമാനം വായ്പകൾ ഇപ്പോൾ നൽകുന്നുണ്ട്; എത്ര ശതമാനം വായ്പകൾ നൽകണമെന്ന് | (ഡി) കൃഷി, ചെറുകിട വ്യവസായം എന്നീ മേഖലകൾക്ക് ശരാശരി 10 ശതമാനം വായ്പ നൽകുന്നുണ്ട്. സംസ്ഥാനത്തെ കാർഷിക വായ്പ സഹകരണ സംഘങ്ങൾ/ബാങ്കുകൾ 20% ൽ കുറയാതെ കാർഷിക വായ്പ |

| | |
|---|---|
| നിർദ്ദേശം സംസ്ഥാന സഹകരണ ബാങ്കുകൾക്ക് ലഭിച്ചിട്ടുണ്ടോ? | നിർബന്ധമായും വിതരണം ചെയ്യണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 295 * 18.07.2011-ൽ മറുപടിയ്ക്ക്

## കിസാൻ അഭിമാൻ പെൻഷൻ പദ്ധതി

| ചോദ്യം | | മറുപടി | |
| --- | --- | --- | --- |
| ശ്രീ. കോവൂർ കുഞ്ഞുമോൻ :<br>" എ.എ. അസീസ്: | | | ശ്രീ. കെ . പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| (എ) | നെൽകർഷകർക്കായി സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ചിട്ടുള്ള 'കിസാൻ അഭിമാൻ' പെൻഷൻ പദ്ധതി പ്രകാരം എത്ര കർഷകരാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത് ; | (എ) | കിസാൻ അഭിമാൻ പെൻഷൻ പദ്ധതി പ്രകാരം 13696 നെൽകർഷകരാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. |
| (ബി) | എത്ര പേർക്ക് പെൻഷൻ നൽകി വരുന്നു. എത്ര രൂപ വീതം; | (ബി) | 13696 നെൽകർഷകർക്ക് പ്രതിമാസം 300/- രൂപ നിരക്കിൽ പെൻഷൻ നൽകി വരുന്നു. |
| (സി) | പ്രസ്തുത പദ്ധതിയിലെ അംഗങ്ങ-ൾക്ക് കൂടുതലായി ലഭ്യമാകുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാ ണെന്ന് വ്യക്തമാക്കുമോ ; | (സി) | പദ്ധതി അംഗത്തിന്റെ ഒരു മകൾക്ക് വിവാഹ ധനസഹായമായി 25,000/- രൂപയും കൂടാതെ പദ്ധതിയുടെ തുടർ ഘട്ടങ്ങളിൽ പദ്ധതി അംഗത്തിന്റെ മക്കൾക്ക് വിദ്യാഭ്യാസ സ്കോളർഷിപ്പ് നൽകുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. സ.ഉ (എം.എസ്) 24/2011/ കൃഷി തീയതി 19.1.2011 പ്രകാരം അർഹരായ 53 ഗുണഭോക്താക്കൾക്ക് 25,000/- രൂപ |

നിരക്കിൽ മകളുടെ വിവാഹത്തിന് ആനുകൂല്യം നൽകിയിട്ടുണ്ട്. സർക്കാർ ഉത്തരവ് (എം.എസ്) 28/2011/കൃഷി തീയതി 29.01. 2011 പ്രകാരം അംഗങ്ങളുടെ മെഡിക്കൽ വിദ്യാഭ്യാസം (എം.ബി.ബി.എസ്) ചെയ്യുന്ന മക്കൾക്ക് 10,000/- രൂപ വീതവും എഞ്ചിനീയറിംഗ് ഉൾപ്പെടെയുള്ള മറ്റ് കോഴ്സുകളിൽ പഠിക്കുന്നവർക്ക് 5,000/- രൂപ വീതവും അനുവദിക്കാൻ ഉത്തരവായിട്ടുണ്ട്. കൂടാതെ പദ്ധതിയംഗങ്ങളുടെ സ്ഥിര വരുമാനമില്ലാത്ത വിധവയായ മകളുടെ മക്കൾക്കും മേൽപ്പറഞ്ഞ വിദ്യാഭ്യാസ സ്കോളർഷിപ്പ് അനുവദിക്കാനും ഉത്തരവായിട്ടുണ്ട്. പദ്ധതി അംഗം മരണപ്പെട്ടാൽ പെൻഷന്റെ പകുതി തുക ആശ്രിതന്/ ആശ്രിതയ്ക്ക് കുടുംബ പെൻഷനായി നൽകുവാനും പദ്ധതിയിൽ വ്യവസ്ഥയുണ്ട്.

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത പദ്ധതിയിൽ പരമാവധി പേരെ ഉൾപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന-തെന്ന് വ്യക്തമാക്കുമോ ? | (ഡി) | ഇപ്പോൾ നടപ്പിലാക്കികൊണ്ടിരിക്കുന്ന പദ്ധതിയിൽ മൊത്തം 13696 നെൽ കർഷകരെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. കൂടുതൽ പേരെ ഉൾപ്പെടുത്തുന്ന കാര്യം പരിശോധിക്കാവുന്നതാണ്. |

Sherly P

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - 296 18 - 07 - 2011 ൽ മറുപടിക്ക്

ജോബ് പോർട്ടൽ പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ സി. പി. മുഹമ്മദ്:<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:<br>ശ്രീ റ്റി. എൻ പ്രതാപൻ: | ശ്രീ. കെ. സി. ജോസഫ്<br>(ഗ്രാമ വികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി) |
| (എ) നോർക്ക റൂട്ട്സിന്റെ കീഴിലുള്ള ജോബ്പോർട്ടൽ പദ്ധതിയുടെ പ്രവർത്തനം കാര്യക്ഷമമാകുന്നില്ല എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) നോർക്ക റൂട്ട്സിന്റെ ജോബ് പോർട്ടൽ പദ്ധതി കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നുണ്ട്. കൂടാതെ ജോബ് പോർട്ടലിനെക്കുറിച്ചും അതിൽ രജിസ്റ്റർ ചെയ്യുന്നതിനെക്കുറിച്ചും അതിലൂടെ ജോലി ലഭിക്കുന്നതിനെക്കുറിച്ചും ഉള്ള അന്വേഷണങ്ങൾ വർദ്ധിച്ചുവരികയാണ്. |
| (ബി) എങ്കിൽ അതിനെ ശക്തിപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) ബാധകമല്ല. |
| (സി) വിദേശത്ത് തൊഴിൽ ലഭിക്കുന്നതിന് അനുയോജ്യമായ പുതിയ കോഴ്സുകൾ കണ്ടെത്തി പരിശീലനം നൽകുന്നതിനുള്ള പരിപാടികൾ വിപുലീകരിക്കുമോ ? | (സി) വിദേശത്ത് തൊഴിൽ ലഭിക്കുന്നതിന് അനുയോജ്യമായ പുതിയ കോഴ്സുകൾ കണ്ടെത്തി പരിശീലനം നൽകുന്നതിനുള്ള പരിപാടികൾ വിപുലീകരിയ്ക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## വിശദീകരണ കുറിപ്പ്

നോർക്ക-റൂട്ട്സിന്റെ ജോബ് പോർട്ടൽ 2010 ഡിസംബർ 18 മുതൽ മാത്രമാണ് പ്രവർത്തനം ആരംഭിച്ചത്. ഇതിന്റെ പ്രചാരണാർത്ഥം യു.എ.ഇ യി ൽ റോഡ് ഷോ നടത്തുകയും കേരളത്തിലെ പത്രങ്ങളിൽ പരസ്യം നൽകുകയുമുണ്ടായി. ഇതുവരെ 2700-ഓളംപേർ ജോബ് പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതു പോലെ രജിസ്റ്റർ ചെയ്ത വിദേശ തൊഴിൽ ദാതാക്കളുടെ വിശ്വാസ്യത ഉറപ്പുവരുത്തുന്നതിനും രജിസ്റ്റർ ചെയ്ത കമ്പനിയുടെ വിവരങ്ങൾ പരിശോധിക്കുന്നതിനും കമ്പനികളുമായി ലയ്സൻ ജോലി ചെയ്യുന്നതിനുമായി ഗൾഫ് രാജ്യങ്ങളിൽ റിക്രൂട്ട്മെന്റ് കൺസൾട്ടന്റിനെ നിയമിക്കാൻ തീരുമാനിക്കുകയും യു.എ.ഇ യി ൽ ശ്രീ.സത്യരാജ് അൽഫോൺസിനെ 01/03/2011 മുതൽ നിയമിക്കുകയും ചെയ്തിട്ടുണ്ട്. യു.എ.ഇ യി ൽ തൊഴിൽ ദാതാക്കളെ ആകർഷിക്കുന്നതിന് പരസ്യം കൊടുക്കുകയും ചെയ്തിട്ടുണ്ട്. അദ്ദേഹത്തിലൂടെ ഇതിനകം യു.എ.ഇ യിലെ കമ്പനികളിലെ 30 ഒഴിവുകളിലേക്ക് നിയമനത്തിനുള്ള ഉത്തരവ് ലഭിക്കുകയും അതിനുള്ള നടപടികൾ നടന്നു കൊണ്ടിരിക്കുകയുമാണ്. ഇതിൽ തെരഞ്ഞെടുത്ത 16 പേർക്ക് തൊഴിൽ വിസക്കായി രേഖകൾ സമർപ്പിച്ചിരിക്കുകയാണ്. ഇതേ മാതൃകയിൽ ഗൾഫിലെ മറ്റ് രാജ്യങ്ങളിലും റിക്രൂട്ട്മെന്റ് കൺസൾട്ടന്റ്സിനെ നിയമിക്കുന്ന കാര്യവും പരിഗണനയിലാണ്. "*ഓവർസീസ് മാൻപവർ കമ്പനി ആന്ധ്രാപ്രദേശ്*" എന്ന ആന്ധ്രാപ്രദേശ് സർക്കാരിന്റെ കീഴിലുള്ള റിക്രൂട്ട്മെന്റ് കമ്പനി വഴി 67 മലയാളികൾക്ക് ഗൾഫിലേക്ക് നിയമനം നൽകുകയും ചെയ്തിട്ടുണ്ട്.

നോർക്ക-റൂട്ട്സിന്റെ തൊഴിൽ വൈദഗ്ദ്ധ്യ പരിശീലന പരിപാടി വിപുലമാക്കുന്നതിന്റെ ഭാഗമായി നടപ്പു സാമ്പത്തിക വർഷത്തി ൽ 20 സ്ഥാപനങ്ങളിലായുള്ള 29 കോഴ്സുകളിലൂടെ 2100 ഉദ്യോഗാർത്ഥികളെ പരിശീലിപ്പിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഇതിനോടൊപ്പം വിദേശത്തും കേരളത്തിലും ധാരാളം തൊഴിൽ സാധ്യതയുള്ള ഓക്സി അസറ്റിലിൻ വെൽഡിംഗ് ആന്റ് ഗ്ലാസ് കട്ടിംഗ്, ജെ.സി.ബി ട്രെയ്നിംഗ്, ഷിപ്പിങ് ആന്റ് ലോജിസ്റ്റിക്സ് എന്നീ കൂടുതൽ തുക ചെലവു വരുന്ന കോഴ്സുകൾ കൂടി ഡിമാന്റ് കണക്കിലെടുത്ത് ഉൾപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. 5000 രൂപ കോഴ്സ് ഫീയായി സർക്കാർ നിജപ്പെടുത്തിയ കോഴ്സുകൾക്ക് പുറമേ 10,000 രൂപ വരെ ചെലവ് വരുന്ന കൂടുതൽ ജോലി സാദ്ധ്യതയുള്ള കോഴ്സുകൾ കൂടി നോർക്ക-റൂട്ട്സിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

**പതിമൂന്നാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 297** | **18.07.2011 – ൽ മറുപടിക്ക്**

## കോൾ നിലങ്ങളിലെ നെൽകൃഷി വികസനം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. സാജു പോൾ<br>ശ്രീ. ബാബു എം.പാലിശ്ശേരി<br>ശ്രീ. ബി.ഡി. ദേവസ്സി<br>ശ്രീ. കെ.സുരേഷ് കുറുപ്പ് | | ശ്രീ. കെ.പി.മോഹനൻ<br>(കൃഷിയും മൃഗ സംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) കോൾ നിലങ്ങളിലെ നെൽകൃഷി വികസനത്തിന് എന്തെല്ലാം പദ്ധതികൾ നിലവിലുണ്ട് ; | (എ) | കോൾ നിലങ്ങളിലെ നെൽകൃഷി വികസനത്തിനായി സുസ്ഥിര നെൽകൃഷി വികസന പദ്ധതി, രാഷ്ട്രീയ കൃഷി വികാസ് യോജന, ഭക്ഷ്യസുരക്ഷാ പദ്ധതി, സൗജന്യ വൈദ്യുതി ഉൽപ്പാദന ബോണസ്, സംയോജിത കീടനിയന്ത്രണ പദ്ധതി, രജിസ്ട്രേഡ് വിത്ത് ഉല്പാദന പദ്ധതി എന്നീ പദ്ധതികൾ നിലവിലുണ്ട്. |
| (ബി) കോൾ വികസന ഏജൻസികൾക്ക് നിയമാനുസൃതമായ അധികാരം നൽകുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ; | (ബി) | ട്രാവൻകൂർ-കൊച്ചിൻ ലിറ്ററി സയന്റിഫിക് ആന്റ് ചാരിറ്റബിൾ സൊസൈറ്റീസ് ആക്റ്റ് 1955 പ്രകാരം നിയമാനുസൃതം രജിസ്റ്റർ ചെയ്തതും, ജില്ലാ കളക്ടർ ചെയർമാനും, ഏജൻസിക്ക് പ്രത്യേകം എക്സിക്യൂട്ടീവ് കമ്മിറ്റിയും ഗവേണിംഗ് ബോഡിയും ഉള്ളതുമായ സന്നദ്ധ സംഘടനാ സ്ഥാപനമാണ് കോൾ വികസന ഏജൻസി. ഇത് ഒരു സ്വയംഭരണ സ്ഥാപനമാണ്. |
| (സി) കോൾ കൃഷിക്കാരുടെ നെല്ലുൽപ്പാദനം വർദ്ധിപ്പിക്കാനും കൃഷി സംരക്ഷണത്തിനും എന്തെല്ലാം കേന്ദ്ര പദ്ധതികൾ നിലവിലുണ്ട്; | (സി) | രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതി, മാക്രോ മാനേജ്മെന്റ് പദ്ധതി എന്നിവ പ്രകാരം നെൽകൃഷി വികസന പദ്ധതിക്ക് വിത്ത്, വളം, കീടനാശിനി വിതരണം, അടിസ്ഥാന സൗകര്യ വികസനം എന്നിവ നടപ്പിലാക്കിവരുന്നു. |
| (ഡി) കോൾകൃഷി വളർച്ചക്കായി എത്ര തുക ചെലവഴിച്ചു; | (ഡി) | സംസ്ഥാന കേന്ദ്ര നെൽകൃഷി വികസന പദ്ധതികൾ പ്രകാരം 2010-11 വർഷം തൃശൂർ ജില്ലയിലെ കോൾ പ്രദേശത്ത് 644.5516 ലക്ഷം രൂപയും മലപ്പുറം ജില്ലയിലെ കോൾ പ്രദേശത്ത് 169.9708 ലക്ഷം രൂപയും വിവിധ പദ്ധതികളായ സംസ്ഥാന ഭക്ഷ്യ സുരക്ഷാ പദ്ധതി, രാഷ്ട്രീയ കൃഷി വികാസ് യോജന, എം.ഒ.യു. നെൽകൃഷി വികസനം, കാർഷിക വൈദ്യുതി സൗജന്യം, സുസ്ഥിര നെൽകൃഷി വികസനം ഉല്പാദന ബോണസ് എന്നിവ പ്രകാരം ചെലവഴിച്ചിട്ടുണ്ട്.<br><br>കെ.എൽ.ഡി.സി നടപ്പിലാക്കുന്ന പദ്ധതികൾ പ്രകാരം 63 കോടി രൂപ 2000 വർഷം വരെയും, അതിനുശേഷം ഒന്നാംഘട്ട പദ്ധതിയിലെ പ്രവർത്തനങ്ങൾക്കായി 8.4 കോടി രൂപയും ത്രിതല പഞ്ചായത്തുകൾ വഴി 5 കോടി രൂപയും കോൾ മേഖലയിലെ അടിസ്ഥാന സൗകര്യ പ്രവർത്തനങ്ങൾക്ക് ചെലവഴിച്ചിട്ടുണ്ട്. |

ചെലവഴിച്ച തുക (ലക്ഷത്തിൽ)

| വർഷം | കെ.എൽ.ഡി.സി | വകുപ്പ് | പഞ്ചായത്ത് | ആകെ |
|---|---|---|---|---|
| 2000 വരെ | 6300 | - | | 6300 |
| 2007-08 | - | 150.0 | - | 150.0 |
| 2008-09 | - | 44.27 | - | 44.27 |
| 2009-10 | 212.82 | 202.0 | - | 414.82 |
| 2010-11 | 840.00 | 814.52 | 500 | 2154.52 |
| ആകെ | 7352.82 | 1210.79 | 500 | 9063.61 |
| | | | | |

(ഇ) സമഗ്ര കോൾ കൃഷി വികസന പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) തൃശൂർ-പൊന്നാനി കോൾമേഖലയുടെ സമഗ്രവികസനത്തിനായി കേന്ദ്ര ഗവൺമെന്റിൽ സമർപ്പിക്കാനായി 696.45 കോടി രൂപയുടെ ഒരു കരട് പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്.

(എഫ്) സംസ്ഥാനത്ത് ഏറ്റവുമധികം കോൾ കൃഷിക്കാരുള്ളതും കോൾ നിലങ്ങൾ ഉള്ളതുമായ പ്രദേശങ്ങൾ ഏതെല്ലാമാണ്; ഈ മേഖലയ്ക്ക് പ്രത്യേക സഹായ പദ്ധതികൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

(എഫ്) കോൾ നിലങ്ങൾ തൃശൂർ ജില്ലയിലെ ചൊവ്വന്നൂർ, ചാവക്കാട്, അന്തിക്കാട്, ചേർപ്പ് പുഴയ്ക്കൽ, മുല്ലശ്ശേരി, ഇരിഞ്ഞാലക്കുട എന്നീ ബ്ലോക്കുകളിലെ 29 പഞ്ചായത്തുകളിലായി 11460.785 ഹെക്ടർ പ്രദേശത്തും മലപ്പുറം ജില്ലയിലെ പൊന്നാനി താലൂക്കിലെ പെരുമ്പടപ്പ്, തവനൂർ ബ്ലോക്കുകളിലെ 7 പഞ്ചായത്തുകളിലായി 2005.04 ഹെക്ടർ സ്ഥലത്തും വ്യാപിച്ചു കിടക്കുന്നു. ഈ മേഖലയിൽ നെൽകൃഷി വികസനത്തിനുള്ള സംസ്ഥാന പദ്ധതികളും കേന്ദ്രാവിഷ്കൃത പദ്ധതികളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികളും നടപ്പിലാക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ

**പതിമൂന്നാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 298** — **18.07.2011 -ൽ മറുപടിയ്ക്ക്**

**ഖാദി ഗ്രാമ വ്യവസായ മേഖലയ്ക്കുള്ള സഹായം**

**ചോദ്യം**

**ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ**
**" കെ.കെ. നാരായണൻ**
**" ജി. സുധാകരൻ**
**ശ്രീമതി. കെ.കെ. ലതിക**

**ഉത്തരം**

**ശ്രീ. സി.എൻ. ബാലകൃഷ്ണൻ**
**( ബഹു. സഹകരണ വകുപ്പ് മന്ത്രി)**

| ചോദ്യം | ഉത്തരം |
|---|---|
| (എ) ദേശസാൽകൃത ബാങ്കുകൾ, ഖാദി കമ്മീഷൻ എന്നിവയിൽ നിന്ന് ഖാദി ഗ്രാമ വ്യസായ മേഖലയ്ക്കുള്ള സാമ്പത്തിക സഹായം വർദ്ധിപ്പിച്ചു കിട്ടുന്നതിന് എന്തെല്ലാം നിലയിലുള്ള ശ്രമങ്ങളാണ് ഖാദി ബോർഡും സർക്കാരും ചെയ്തിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ; | (എ) & (ബി) ദേശസാൽകൃത ബാങ്കുകളിൽ നിന്നും ഖാദി ഗ്രാമ വ്യവസായ മേഖലയ്ക്കോ, ഖാദി ബോർഡിനോ നേരിട്ട് സാമ്പത്തിക സഹായം അനുവദിക്കുന്നില്ല. പ്രധാന മന്ത്രിയുടെ തൊഴിൽദാന പദ്ധതിയായ പി.എം.ഇ.ജി.പി. പദ്ധതി പ്രകാരമുള്ള വ്യവസായ സംരംഭകർക്ക് ബാങ്കുകൾ നേരിട്ട് വായ്പ നൽകുകയാണ് ചെയ്യുന്നത്. ഖാദി കമ്മീഷൻ ഖാദി ബോർഡിന് അനുവദിക്കുന്ന മാർജിൻ മണി ഗ്രാന്റ് യഥാസമയം വ്യവസായ സംരംഭകർക്ക് വിതരണം ചെയ്യുക മാത്രമാണ് ഖാദിബോർഡ് ചെയ്യുന്നത്.<br><br>ഖാദി മേഖലയുടെ പുരോഗതിയ്ക്കായി ഖാദി കമ്മീഷനിൽ നിന്നും 2011-12-ൽ പ്രവർത്തന മൂലധനമായി 1229 ലക്ഷം രൂപ ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ 84 ലക്ഷം രൂപ "Scheme for enhancing productivity and competitiveness of Khadi Industry and Artisans". എന്ന പദ്ധതിയിലും ആവശ്യപ്പെട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഈ സാമ്പത്തിക വർഷം ഇവയിൽ നിന്ന് എന്ത് തുക വീതം ഖാദി മേഖലയ്ക്ക് ലഭ്യമാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്; | | 2011-12 - ൽ ഗ്രാമ വ്യവസായ മേഖലയ്ക്ക് സാമ്പത്തിക സഹായം വർദ്ധിപ്പിച്ചു കിട്ടുന്നതിന് ഖാദി കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഖാദി കമ്മീഷനിൽ നിന്നും ലഭിക്കുന്ന മുഴുവൻ തുകയും ഈ മേഖലയ്ക്ക് നൽകാനാണ് ഉദ്ദേശിക്കുന്നത്. |
| (സി) | ഖാദി ബോർഡിന് കീഴിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾക്ക് സഹായം നൽകാനുള്ള പുതിയ പദ്ധതികൾ എന്താണെന്ന് വിശദമാക്കുമോ ? | (സി) | കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനു വേണ്ടി നൂൽപ്പിലും നെയ്ത്തിലും ആധുനിക സംവിധാനം ഏർപ്പെടുത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 299 | 18.07.2011 – ൽ മറുപടിയ്ക്ക്

## കാർഷിക മേഖലയിലെ നബാർഡ് സഹായ പദ്ധതികൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എം.വി.ശ്രേയാംസ് കുമാർ | | ശ്രീ. കെ.പി.മോഹനൻ<br>(കൃഷിയും മൃഗ സംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) കാർഷിക മേഖലയിൽ നിലവിലുള്ള പ്രധാന നബാർഡ് സഹായ പദ്ധതികൾ ഏതെല്ലാമാണ്; | (എ) | നബാർഡിന്റെ RIDF സ്കീമിൽ ഉൾപ്പെടുത്തി കാർഷിക മേഖലയിൽ കൃഷിവകുപ്പ് ഡയറക്ടർ, മണ്ണുസംരക്ഷണവിഭാഗം ഡയറക്ടർ, കെ.എൽ.ഡി.സി എന്നിവർ മുഖാന്തിരം നടപ്പിലാക്കി വരുന്ന പദ്ധതികൾ അനുബന്ധം - I ൽ കാണാവുന്നതാണ്. |
| (ബി) കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ നബാർഡ് സഹായ പദ്ധതികൾക്കായി കാർഷിക മേഖലയിൽ വകയിരുത്തിയ തുകയുടെ എത്ര ശതമാനമാണ് ചെലവഴിച്ചിട്ടുള്ളത് ; | (ബി) | നബാർഡ് സഹായ പദ്ധതികൾക്കായി വകയിരുത്തിയ തുകയിൽ കൃഷി വകുപ്പ് ഡയറക്ടർ വഴി 13% ഉം മണ്ണു സംരക്ഷണ വിഭാഗം ഡയറക്ടർ വഴി 62% ഉം കെ.എൽ.ഡി.സി വഴി 70% ഉം ചെലവഴിച്ചു. |
| (സി) കാർഷിക മേഖലയിൽ നബാർഡ് സഹായ പദ്ധതികൾ കാര്യക്ഷമ മാക്കുന്നതിന് എന്തെല്ലാം നടപടിക ളാണ് പരിഗണനയിലുള്ളതെന്ന് വ്യക്ത മാക്കുമോ? | (സി) | നബാർഡ് സഹായ പദ്ധതികൾ കാര്യക്ഷമ മാക്കുന്നതിനായി ജനപങ്കാളിത്തത്തോടു കൂടി ഗുണഭോക്തൃ കമ്മിറ്റികൾ വഴി പദ്ധതി പ്രവർത്തനങ്ങൾ ആവിഷ്കരിച്ചു വരുന്നു. പദ്ധതി പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി സാമൂഹ്യ അവലോകനങ്ങൾ (സോഷ്യൽ ആഡിറ്റ്) പദ്ധതി അടിസ്ഥാനത്തിൽ നടപ്പിലാക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

Rahmed

സെക്ഷൻ ഓഫീസർ

## അനുബന്ധം I

**കൃഷി വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം വഴി നടപ്പിലാക്കുന്ന പദ്ധതികൾ.**

1. ആലപ്പുഴ ജില്ലയിൽ ചെറിയനാട് ഗ്രാമ പഞ്ചായത്തിലെ ഡ്രയിനേജ് പദ്ധതി Rs.547 lakhs RIDF -XIV
2. കുട്ടനാട്ടിലെ ക്യാപ് മാതൃകയിലുള്ള സംഭരണശാല Rs.182 lakhs RIDF -XV
3. കൊല്ലം ജില്ലയിൽ ചിറക്കര ഗ്രാമപഞ്ചായത്തിലെ പോളച്ചിറയുടെ അടിസ്ഥാന സൗകര്യ വികസനം Rs.320 lakhs RIDF -XVI
4. പാലക്കാട് ജില്ലയിലെ നെല്ലിയാമ്പതി ഓറഞ്ച് ആന്റ് വെജിറ്റബിൾ ഫാമിന്റെ അടിസ്ഥാന സൗകര്യ വികസനം Rs.125 lakhs RIDF -XVI

**കെ.എൽ.ഡി.സി വഴി നടപ്പിലാക്കുന്ന പദ്ധതികൾ**

1. RIDF -XI : കുട്ടനാട് വികസന പദ്ധതി (3 പാടശേഖരം)-ആലപ്പുഴ
2. RIDF -XI : പഴങ്ങാട്ട് വടക്കേ തെക്കേ ചാൽ പുനരുദ്ധാരണ പദ്ധതി - പട്ടണക്കാട് പഞ്ചായത്ത്
3. RIDF -XII: തീരദേശ ഉപ്പുവെള്ള നിയന്ത്രണ പദ്ധതി ആലപ്പുഴ ജില്ല, കൊല്ലം ജില്ല.
4. RIDF -XII : '5' ഡ്രെയ്നേജ് വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതി (അങ്കമാലി മാഞ്ഞാലി, അന്നമട (തൃശൂർ), മാലാക്കായൽ തൊടിയൂർ വട്ടക്കായൽ, നെടുമ്പന പാടശേഖരം (കൊല്ലം)
5. RIDF -XII : '9' ഡ്രെയ്നേജ് വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതി, ആലപ്പുഴ (കുട്ടനാട് വികസന പദ്ധതി - 9 പാടശേഖരം)
6. RIDF -XII : പാലക്കാട് ജില്ലയിലെ കുളങ്ങളുടെ നവീകരണം (26 കുളങ്ങൾ)
7. RIDF -XIII : കുട്ടനാട് വികസന പദ്ധതി (4 പാടശേഖരം) ആലപ്പുഴ
8. RIDF -XIII : പുറക്കാട് കരിനില വികസന പദ്ധതി (3 പാടശേഖരം) ആലപ്പുഴ
9. RIDF -XIV :'7'ഡ്രെയ്നേജ് വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതി (മാൻതറ മീൻചാൽ, തെറ്റിക്കളം, ആനാട്ടുപുറം, കാക്കാഴം, ഉള്ളിട്ടപുഞ്ച, പെരുവേലിചാൽ പുഞ്ച (ആലപ്പുഴ) കൂടാതെ തഴവ പഞ്ചായത്ത് (കൊല്ലം)
10. RIDF -XV; 9'ഡ്രെയ്നേജ് വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതി (തുറവൂർ കരിലാന്റ് പ്രോജക്ട്, ആലപ്പുഴ, എളമ്പന്നൂർ ഏല (കൊല്ലം), കുരിയോട് പണയിൽ ഏല (കൊല്ലം), ആനച്ചാംകുഴി പാടശേഖരം (കോട്ടയം), കുഴൂർ പഞ്ചായത്ത് (തൃശൂർ) അരികുപുറം പാടശേഖരം (കോട്ടയം)
11. RIDF -XVI ; ഡ്രെയ്നേജ് വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതി (16 പദ്ധതികൾ)
    1. പൊയ്യ ഗ്രാമ പഞ്ചായത്ത് - തൃശൂർ
    2. ചെറിയ വെളിനല്ലൂർ പാടശേഖരം, കൊല്ലം
    3. ഏരൂർ പഞ്ചായത്ത്, കൊല്ലം
    4. കൊട്ടാരം വാതുക്കൽ ഏല, കൊല്ലം
    5. കൃഷിത്തോട്ടം പാടം, ആലപ്പുഴ
    6. പള്ളിത്തോടുപാടം, ആലപ്പുഴ
    7. ചെങ്ങറം പാടം, ആലപ്പുഴ
    8. ഉദയംപേരൂർ ഗ്രാമപഞ്ചായത്ത്, എറണാകുളം
    9. കൊച്ചുചെങ്ങറം പാടം, ആലപ്പുഴ
    10. പുളിന്തമുറി പാടം, ആലപ്പുഴ
    11. കടമേരി പാടശേഖരം, ആയഞ്ചേരി പഞ്ചായത്ത്, കോഴിക്കോട്
    12. അടിയം മിറായിക്കുന്ന് പാടശേഖരം, കോട്ടയം
    13. ചിങ്ങോലി പഞ്ചായത്ത്, ആലപ്പുഴ
    14. പാറാംകോട്, പനാംതോട്-എളമാട് പഞ്ചായത്ത്, കൊല്ലം
    15. നരിക്കുഴി-ചിറയ്ക്കാമറ്റംതോട്-മണപ്ര ഗ്രാമപഞ്ചായത്ത്, എറണാകുളം
    16. പൊക്കാളി നെല്ലുൽപാദക സമിതി - നാരായണ മംഗലം കൊടുങ്ങല്ലൂർ, തൃശൂർ.

സെക്ഷൻ ഓഫീസർ

## കൃഷി (മണ്ണുസംരക്ഷണം) വകുപ്പ് വഴി നടപ്പിലാക്കുന്ന പദ്ധതികൾ

RIDF -XI പ്രകാരം നടപ്പിലാക്കുന്ന പദ്ധതികൾ

| നമ്പർ | പദ്ധതിയുടെ പേര് | ജില്ല |
|---|---|---|
| 1. | കഞ്ഞിക്കുഴി | ആലപ്പുഴ |
| 2. | അയ്യനാടൻ പുത്തൻകരി | കോട്ടയം |
| 3. | വയൻതോട് മാളച്ചാൽ | തൃശ്ശൂർ |

RIDF -XII പ്രകാരം നടപ്പിലാക്കുന്ന പദ്ധതികൾ

| നമ്പർ | പദ്ധതിയുടെ പേര് | ജില്ല |
|---|---|---|
| 1. | തുണ്ടയിൽ | തിരുവനന്തപുരം |
| 2. | കുണ്ടാമുഴി | തിരുവനന്തപുരം |
| 3. | മീനാങ്കൽ | തിരുവനന്തപുരം |
| 4. | പുന്നല | കൊല്ലം |
| 5. | ശിവഗിരിനടയറ | കൊല്ലം |
| 6. | തണ്ണിച്ചാൽ | കൊല്ലം |
| 7. | കുതിരമൺ | പത്തനംതിട്ട |
| 8. | കുമ്പിതോട് | പത്തനംതിട്ട |
| 9. | കാളകൂട്ട് | കോട്ടയം |
| 10. | കൊച്ചുപ്പ് | ഇടുക്കി |
| 11. | മുട്ടുകാട് | ഇടുക്കി |
| 12. | കുന്തളം പാറ | ഇടുക്കി |
| 13. | നെല്ലിപ്പാറനാലുമുക്ക് | ഇടുക്കി |
| 14. | കുഴിമ്പേരിതോട് | എറണാകുളം |
| 15. | കടവൂർമുറി | എറണാകുളം |
| 16. | കരുവാൻ തോട് | തൃശ്ശൂർ |
| 17. | പുളിയാൻതോട് | പാലക്കാട് |
| 18. | മീൻവല്ലം | പാലക്കാട് |
| 19. | പുല്ലോട്ടുതോട് | മലപ്പുറം |
| 20. | ചുരണി | കോഴിക്കോട് |
| 21. | മുതുകുട്ടിവളയം | കോഴിക്കോട് |
| 22. | ചീരക്കുന്നി | വയനാട് |
| 23. | മാടത്തുംപാറ | വയനാട് |
| 24. | വെമ്പുഴ | കണ്ണൂർ |
| 25. | കരിയോട്ടിച്ചാൽ | കാസർഗോഡ് |

RIDF -XIII പ്രകാരം നടപ്പിലാക്കുന്ന പദ്ധതികൾ

| നമ്പർ | പദ്ധതിയുടെ പേര് | ജില്ല |
|---|---|---|
| 1. | അയിരൂർപ്പാറ | തിരുവനന്തപുരം |
| 2. | കടയ്ക്കൽവേയ്ക്കൽ | കൊല്ലം |
| 3. | തേവന്നൂർ | കൊല്ലം |
| 4. | അമ്പലപ്പാറ | ഇടുക്കി |
| 5. | മരക്കൊമ്പ്തോട് | ഇടുക്കി |
| 6. | പനംകരതോട് | എറണാകുളം |
| 7. | നെല്ലിമല | പത്തനംതിട്ട |
| 8. | നെല്ലിക്കുട്ടി | കണ്ണൂർ |
| 9. | ഉടിക്കുന്ന് | മലപ്പുറം |
| 10. | മാവിൻപ്പടി | കോഴിക്കോട് |

[illegible]

സെക്ഷൻ ഓഫീസർ

RIDF -XIV പ്രകാരം നടപ്പിലാക്കുന്ന പദ്ധതികൾ

| നമ്പർ | പദ്ധതിയുടെ പേര് | ജില്ല |
|---|---|---|
| 1. | ആര്യൂർ | തിരുവനന്തപുരം |
| 2. | ഈഞ്ജപ്പുരി | തിരുവനന്തപുരം |
| 3. | അരുവിക്കുഴി | പത്തനംതിട്ട |
| 4. | വെട്ടൂർ | പത്തനംതിട്ട |
| 5. | ചെങ്ങളം | കോട്ടയം |
| 6. | വള്ളക്കടവ് | കോട്ടയം |
| 7. | ഇട്ട്യാക്കണ്ടംകരി മണ്ടോംകരി പാടശേഖരം | കോട്ടയം |
| 8. | മുട്ടാട്ടിമല | ആലപ്പുഴ |
| 9. | മണിയന്ത്രം നീരാംപ്പുഴത്തോട് | എറണാകുളം |
| 10. | പാപ്പിനിത്തോട് | ഇടുക്കി |
| 11. | ശാന്തിനഗർ | കണ്ണൂർ |
| 12. | കിഴിക്കാലിങ്ങൽ | മലപ്പുറം |
| 13. | മുണ്ടോംകണ്ടം | കോഴിക്കോട് |

RIDF -XV പ്രകാരം നടപ്പിലാക്കുന്ന പദ്ധതികൾ

| നമ്പർ | പദ്ധതിയുടെ പേര് | ജില്ല |
|---|---|---|
| 1. | മാടശ്ശേരി | തിരുവനന്തപുരം |
| 2. | കുളപ്പട | തിരുവനന്തപുരം |
| 3. | മണ്ണയം | കൊല്ലം |
| 4. | പ്ലാത്തറ | കൊല്ലം |
| 5. | കോവൂർ | കൊല്ലം |
| 6. | ചടയമംഗലം | കൊല്ലം |
| 7. | കോടന്നൂർ | കൊല്ലം |
| 8. | കുമ്പളത്താമൺ | പത്തനംതിട്ട |
| 9. | ആനപ്പള്ളം | ഇടുക്കി |
| 10. | പാഞ്ചാലിത്തോട് | ഇടുക്കി |
| 11. | കന്നിക്കൽ | ഇടുക്കി |
| 12. | ചങ്ങനാശ്ശേരിത്തോട് | ഇടുക്കി |
| 13. | ശാന്തിപ്പടി | ഇടുക്കി |
| 14. | മണപ്പാടിത്തോട് | ഇടുക്കി |
| 15. | തെക്കേമല | ഇടുക്കി |
| 16. | ആറ്റുപുറം | തൃശ്ശൂർ |
| 17. | പള്ളിയറത്തോട് | മലപ്പുറം |
| 18. | അരംഗമണ്ണാങ്കുണ്ട് | കണ്ണൂർ |
| 19. | മാവുള്ളച്ചാലിൽ വളയം | കോഴിക്കോട് |
| 20. | ഇരുമ്പകചോല | പാലക്കാട് |

RIDF -XVI പ്രകാരം നടപ്പിലാക്കുന്ന പദ്ധതികൾ

| നമ്പർ | പദ്ധതിയുടെ പേര് | ജില്ല |
|---|---|---|
| 1. | കുഴിയം | കൊല്ലം |
| 2. | അരയാഞ്ചിലിമൺ | പത്തനംതിട്ട |
| 3. | തൈക്കാട്ടുശ്ശേരി പാടശേഖരം | ആലപ്പുഴ |
| 4. | മേക്കാടുംപുതോട് | എറണാകുളം |
| 5. | കല്ലുകിരി | ഇടുക്കി |
| 6. | ചൂരക്കാട് | കോട്ടയം |
| 7. | തെക്കേമലമ്പുഴ | പാലക്കാട് |
| 8. | മാലവയൽ | വയനാട് |
| 9. | മാലൂർ | കണ്ണൂർ |
| 10. | മുട്ടോംകടവ് | കാസർഗോഡ് |
| 11. | പുളിയക്കോട് | മലപ്പുറം |

പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ. 300 — 18.07.2011-ൽ മറുപടിയ്ക്ക്

കേന്ദ്രാവിഷ്കൃത പദ്ധതികളും മാനദണ്ഡങ്ങളും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ :<br>ഡോ. കെ.ടി. ജലീൽ :<br>ഡോ. ടി.എം. തോമസ് ഐസക് :<br>ശ്രീ.പി. ശ്രീരാമകൃഷ്ണൻ : | ശ്രീ. കെ.സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി) |
| എ. പി.എം.ജി.എസ്.വൈ. ഉൾപ്പെടെയുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ. ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി. കഴിഞ്ഞ പത്തുവർഷങ്ങൾക്കുള്ളിൽ പ്രസ്തുത പദ്ധതികളിലുൾപ്പെടുത്തി സംസ്ഥാനത്ത് എത്ര പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്നും അവയിൽ എത്രയെണ്ണം പൂർത്തിയാക്കിയിട്ടുണ്ടെന്നും ശേഷിക്കുന്നവ പൂർത്തീകരിക്കാനുള്ള തടസ്സങ്ങളെന്താണെന്നും വ്യക്തമാക്കുമോ ; | ബി. 2000-2001 മുതൽ 2010-11 സാമ്പത്തിക വർഷം വരെ ഏഴ് ഘട്ടങ്ങളിലായി 2703.626 കി.മി. ദൈർഘ്യം വരുന്ന 1173 റോഡുകൾക്ക് സംസ്ഥാന സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 1363.704 കി.മി. ദൈർഘ്യം വരുന്ന 643 റോഡുകളുടെ പണി പൂർത്തിയാക്കിയിട്ടുണ്ട്. ഫേസ് 2-ൽ ഉൾപ്പെട്ട തൃശ്ശൂർ ജില്ലയിലെ പുഴക്കൽ ബ്ലോക്കിലെ 1 റോഡും ഫേസ് 4-ൽ ഉൾപ്പെട്ട ഈരാറ്റുപേട്ട ബ്ലോക്കിലെ 1 റോഡും സാങ്കേതിക കാരണങ്ങളാൽ ഉപേക്ഷിക്കേണ്ടതായിട്ടുണ്ട്. നിർമ്മാണ പുരോഗതി ഇല്ലാത്തതിനാൽ ഫേസ് 2,3,4,6 എന്നിവയിൽ ഉൾപ്പെട്ട 43 പ്രവർത്തികളുടെ കരാർ റദ്ദാക്കിയിട്ടുണ്ട്. ഫേസ് 3,5,6 എന്നിവയിൽ ഉൾപ്പെട്ട 45 പ്രവർത്തികൾക്ക് കരാറുകാരെ ലഭിച്ചിട്ടില്ല. ഫേസ് ഏഴിലെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെട്ട 258 പ്രവർത്തികൾക്ക് 2010 ഷെഡ്യൂൾ പ്രകാരം പുതുക്കിയ എസ്റ്റിമേറ്റ് 14-02-11-ന് അനുമതിക്കായി കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. |
| സി. സംസ്ഥാനത്തിന്റെ പൊതുസാഹചര്യങ്ങൾക്കനുസൃതമായി മാനദണ്ഡങ്ങൾ പരിഷ്കരിക്കുവാൻ കേന്ദ്രസർക്കാരിനോടാവശ്യപ്പെടുമോ ? | സി. ആവശ്യപ്പെട്ടിട്ടുണ്ട്. ഈ കാര്യം അനുഭാവപൂർവ്വം പരിഗണിക്കാമെന്ന് പ്ലാനിംഗ് കമ്മീഷൻ ഡെപ്യൂട്ടി ചെയർമാൻ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ